2023
MAY
12
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES




## ടൂർ പാക്കേജുമായി റെയിൽവേ, കേരളത്തിൽ 19നു തുടക്കം

**പാലക്കാട്:** അവധിക്കാലത്തു വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കാൻ റെയിൽവേ സൗകര്യമൊരുക്കുന്നു. ഇന്ത്യൻ റെയിൽവേ കേറ്ററിങ് ആൻഡ് ടൂറിസം കോർപറേഷന്റെ (ഐആർസിടിസി) ഭാരത് ഗൗരവ് ട്രെയിൻ ടൂർ 19നു കേരളത്തിൽ നിന്നു പുറപ്പെട്ട് 30നു തിരികെയെത്തും. ഹൈദരാബാദ്, ആഗ്ര, ഡൽഹി, ജയ്പുർ, ഗോവ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന യാത്രയിൽ രാമോജി ഫിലിം സിറ്റി, താജ് മഹൽ, ചെങ്കോട്ട, രാജ്ഘട്ട്, ലോട്ടസ് ടെംപിൾ, ഖുത്ബ് മിനാർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാം.

750 പേർക്കു പങ്കെടുക്കാം. നോൺ എസി ക്ലാസിൽ 22,900 രൂപയും തേഡ് എസിയിൽ 36,050 രൂപയുമാണു നിരക്ക്. ട്രെയിൻ യാത്ര, രാത്രി താമസം, യാത്രയ്ക്കുള്ള വാഹനം എന്നിവ ഇതിൽ ഉൾപ്പെടും. ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സന്ദർശന ഫീസ് ഉൾപ്പെടില്ല. ടൂർ എസ്കോർട്ടിന്റെയും സുരക്ഷാ ജീവനക്കാരുടെയും സേവനം ലഭിക്കും. സഞ്ചാരികൾക്ക് ഇൻഷുറൻസ് പരിരക്ഷയുണ്ടാകും.കൊച്ചുവേളി, കൊല്ലം, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, ഒറ്റപ്പാലം, പാലക്കാട് ജംക്ഷൻ എന്നിവിടങ്ങളിൽ നിന്നു ട്രെയിനിൽ കയറാം. മടക്കയാത്രയിൽ കണ്ണൂർ, കോഴിക്കോട്, ഷൊർണൂർ, തൃശൂർ, എറണാകുളം ടൗൺ, കോട്ടയം, കൊല്ലം, കൊച്ചുവേളി എന്നിവിടങ്ങളിൽ ഇറങ്ങാം. ട്രെയിൻ ഓരോ സ്റ്റേഷനിലും എത്തുന്ന സമയം സഞ്ചാരികളെ മുൻകൂട്ടി അറിയിക്കും.

രാജ്യത്തിന്റെ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കാനും സാംസ്കാരിക പൈതൃകം പരിപോഷിപ്പിക്കാനും ലക്ഷ്യമിട്ടാണു ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ പദ്ധതിയെന്ന് അഡീഷനൽ ഡിവിഷനൽ റെയിൽവേ മാനേജർ സി.ബി.സക്കീർ ഹുസൈൻ, ഐആർസിടിസി എറണാകുളം റീജനൽ മാനേജർ ശ്രീജിത്ത് ബാപ്പുജി, പാലക്കാട് ഏരിയ മാനേജർ അജിത് കുമാർ എന്നിവർ അറിയിച്ചു.

## ആശുപത്രികളുടെസുരക്ഷ

# ഓർഡിനൻസ് അടുത്ത മന്ത്രിസഭാ യോഗത്തിൽ



**തിരുവനന്തപുരം:** ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ആശുപത്രി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. നിയമ ഭേദഗതി സംബന്ധിച്ച ഓർഡിനൻസ് അടുത്ത മന്ത്രിസഭാ യോഗത്തിൽ കൊണ്ടുവരും. സുരക്ഷ ഉറപ്പാക്കുന്നതിന് പ്രധാന ആശുപത്രികളിൽ പൊലീസ് ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കും. കൊട്ടാരക്കരയിൽ ഡോ.വന്ദനാദാസ് കൊല്ലപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണു തീരുമാനം.

2012ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമം കൂടുതൽ കർശനമായി നടപ്പാക്കുന്നതു മുൻനിർത്തിയാണ് ഇതിൽ ആവശ്യമായ ഭേദഗതി വരുത്തുക. നിലവിലുള്ള നിയമത്തിൽ ആരോഗ്യ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ എന്നീ നിർവചനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ, ശിക്ഷകൾ തുടങ്ങിയവയിൽ കാലാനുസൃതമായ ഭേദഗതി കൊണ്ടുവരും.

ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ആഭ്യന്തര വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ സെക്രട്ടറി എന്നിവർ ഇതു സംബന്ധിച്ച ചർച്ചകൾ നടത്തി ഭേദഗതി നിർദേശങ്ങൾ മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കണം. കേരള ആരോഗ്യ സർവകലാശാല, ആരോഗ്യപ്രവർത്തകരുടെ സംഘടനകൾ തുടങ്ങിയവരുമായും ചർച്ചകൾ നടത്തും. ഡോക്ടർമാരുടെയും മെഡിക്കൽ വിദ്യാർഥികളുടെ സംഘടനകൾ സർക്കാരിനു നൽകിയിട്ടുള്ള നിവേദനങ്ങളും നിർദേശങ്ങളും പരിഗണിക്കും. ഹൈക്കോടതിയുടെ നിർദേശങ്ങൾ കണക്കിലെടുക്കും.

മറ്റ് ആശുപത്രികളിലും പൊലീസിന്റെ പൂർണ നിരീക്ഷണം ഉറപ്പാക്കണം. എല്ലാ ആശുപത്രികളിലും ആവശ്യമായ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിക്കണം. സിസിടിവിയുടെ കൃത്യമായ നിരീക്ഷണം ഉറപ്പാക്കണം.

ആശുപത്രികളിൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കണം. ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും സുരക്ഷിതമായി ജോലി നിർവഹിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം. എല്ലാ ആശുപത്രകളിലും ഓരോ ആറു മാസത്തിലും സെക്യൂരിറ്റി ഓഡിറ്റ് നടത്തണം.

ജില്ലാ കലക്ടറുടെ മേൽനോട്ടത്തിൽ ആരോഗ്യ, പൊലീസ് വകുപ്പുകൾ ഇതു നിർവഹിക്കണം. സർക്കാർ ആശുപത്രികളിൽ രാത്രി അത്യാഹിത വിഭാഗങ്ങളിൽ രണ്ടു ഡോക്ടർമാരെ നിയമിക്കാൻ കഴിയുമോയെന്നു പരിശോധിക്കണം.

പ്രതികളെയും അക്രമ സ്വഭാവമുള്ള ആളുകളെയും ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ പ്രത്യേക സുരക്ഷാ സംവിധാനം ഏർപ്പെടുത്തണം. ആശുപത്രികളിലും പരിസരത്തും തിരക്ക് നിയന്ത്രിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ജെഎസ്ഡബ്ല്യു ഇൻഫ്രാസ്ട്രക്ചർ ഐപിഒയ്ക്ക്

**മുംബൈ:** ജെഎസ്ഡബ്ല്യു ഗ്രൂപ്പിന്റെ തുറമുഖ ബിസിനസായ ജെഎസ്ഡബ്ല്യു ഇൻഫ്രാസ്ട്രക്ചർ ഐപിഒക്ക് ഒരുങ്ങുന്നുവെന്ന് റിപ്പോർട്ടുകൾ. 2800 കോടി രൂപ പ്രാഥമിക വിൽപനയിലൂടെ സമാഹരിക്കുകയാണു ലക്ഷ്യം.

2010ൽ ജെഎസ്ഡബ്ല്യു എനർജി ഐപിഒ കഴിഞ്ഞതിനു ശേഷം ഗ്രൂപ്പിൽ നിന്നുള്ള ഐപിഒയാണിത്. രാജ്യത്തെ രണ്ടാമത്തെ വലിയ തുറമുഖ ഓപ്പറേറ്റർമാരാണ് ജെഎസ്ഡബ്ല്യു. 2022 ഡിസംബർ 31 വരെയുള്ള കണക്കുപ്രകാരം 153.43 ദശലക്ഷം ടൺ ചരക്കു കൈകാര്യം ചെയ്യാനുള്ള ശേഷി തുറമുഖത്തിനുണ്ട്.



## താൽക്കാലിക നിയമനം

**ചാലക്കുടി:** ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വനിത കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്കൂളിൽ താമസിച്ച് ജോലി ചെയ്യാൻ താല്പര്യമുള്ള വനിത ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. മെയ് 18 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം.

നിശ്ചിത ട്രേഡിൽ ലഭിച്ച ടെക്നിക്കൽ ഹയർ സെക്കണ്ടറി ലീവിംഗ് സർട്ടിഫിക്കറ്റ് പരീക്ഷ / പത്താം തരവും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് / കേരള എഞ്ചിനീയറിംഗ് / വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയിൽ നിശ്ചിത ട്രേഡിലുള്ള വിജയവും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും അഭികാമ്യം. 19,950 രൂപയാണ് പ്രതിമാസ വേതനം .

അപേക്ഷയോടൊപ്പം ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി 680307 എന്ന വിലാസത്തിൽ മെയ് 18 ന് മുമ്പ് അപേക്ഷിക്കണം.

## ലൈബ്രേറിയൻ തസ്തികയിൽ ഒഴിവ്

**ചാലക്കുടി:** ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ലൈബ്രേറിയൻ തസ്തികയിൽ ഒഴിവ്. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം.

യോഗ്യരായവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡാറ്റ, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം മെയ് 18 ന് മുൻപ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി 680 307 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് 0480 2706100.

## പരിഭാഷകരെ ആവശ്യമുണ്ട്

**തിരുവനന്തപുരം:** ഭാരതത്തിന്റെ ഭരണഘടനാ നിർമ്മാണസഭയുടെ ഡിബേറ്റ്സ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന പ്രോജക്ടിലേക്ക് നിശ്ചിത ഓണറേറിയം വ്യവസ്ഥയിൽ പരിഭാഷകരെ ആവശ്യമുണ്ട്. നിയമബിരുദധാരികളും ഇംഗ്ലീഷിലും മലയാളത്തിലും പ്രാവീണ്യമുള്ളവരുമായ വ്യക്തികൾക്ക് അപേക്ഷിക്കാം. പരിഭാഷാ പ്രവൃത്തിയിലുള്ള പ്രായോഗിക പരിചയം അഭിലഷണീയ യോഗ്യതയാണ്. പരിഭാഷകരെ തിരഞ്ഞെടുക്കുന്നതിനായി സ്ക്രീനിംഗ് ടെസ്റ്റ് നടത്തും. അപേക്ഷ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (ംംം.ിശ്യമാമമെയവമ.ീൃഴ) ലഭ്യമാണ്. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ, അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള മേൽവിലാസത്തിൽ തപാൽ മാർഗമോ നേരിട്ടോ മേയ് 31 നു വൈകിട്ട് അഞ്ചിനു മുൻപായി ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക് 04712512499, 2512019.



# ഇസ്രോയുടെ ആദ്യ സെമി ക്രയോജനിക് എൻജിൻ പരീക്ഷണം വിജയം

**തിരുവനന്തപുരം :** ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഇസ്രോ) ആദ്യ സെമി ക്രയോജനിക് എൻജിൻ പരീക്ഷണം വിജയം. തമിഴ്നാട്ടിലെ മഹേന്ദ്രഗിരിയിലെ ഇസ്രോ പ്രൊപ്പൽഷൻ കോംപ്ലക്സിൽ (ഐപിആർസി) പുതുതായി കമ്മിഷൻ ചെയ്ത സെമി ക്രയോജനിക് ഇന്റഗ്രേറ്റഡ് എൻജിൻ ആൻഡ് സ്റ്റേജ് ടെസ്റ്റ് ഫെസിലിറ്റിയിൽ ബുധനാഴ്ചയാണു പരീക്ഷണം നടന്നത്. ഇന്റർമീഡിയറ്റ് കോൺഫിഗറേഷനിലുള്ള 2000 കിലോ ന്യൂട്ടൺ (കെഎൻ) സെമി ക്രയോജനിക് എൻജിന്റെ സംയോജിത പരീക്ഷണമാണു നടത്തിയത്. ത്രസ്റ്റ് ചേംബർ ഒഴികെയുള്ള എല്ലാ എൻജിൻ ഘടകങ്ങളും ഉൾപ്പെടുന്നതാണു പവർ ഹെഡ് ടെസ്റ്റ് ആർട്ടിക്കിൾ എന്നറിയപ്പെടുന്ന ഇന്റർമീഡിയറ്റ് കോൺഫിഗറേഷൻ.

ഉന്നത മർദവും താഴ്ന്ന മർദവുമുള്ള ടർബോ പമ്പുകൾ, ഗ്യാസ് ജനറേറ്റർ, നിയന്ത്രണ ഘടകങ്ങൾ എന്നിവയുൾപ്പെടെ പ്രൊപ്പല്ലന്റ് ഫീഡ് സംവിധാനത്തിന്റെ രൂപകൽപന പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള തുടർച്ചയായ പരീക്ഷണങ്ങളിൽ ആദ്യത്തേതാണു കഴിഞ്ഞ ദിവസം നടത്തിയത്. ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ (എൽപിഎസ്!സി) ആണു സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ സെമി ക്രയോജനിക് എൻജിൻ രൂപകൽപന നടത്തി വികസിപ്പിച്ചെടുത്തത്. ദ്രവ ഓക്സിജനും (എൽഒഎക്സ്) സംശുദ്ധീകരിച്ച മണ്ണെണ്ണയിൽ നിന്ന് ഇസ്രോ രൂപപ്പെടുത്തിയ ഇസ്രോസിനും ചേരുന്ന പ്രൊപ്പല്ലന്റ് സംയുക്തം ഭാവിയിലെ വിക്ഷേപണ വാഹനങ്ങളുടെ ബൂസ്റ്റർ ഘട്ടങ്ങളിൽ പ്രധാന ഘടകമാകും.

# പട്ടയമിഷൻ ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഗണിക്കും: മന്ത്രി കെ. രാജൻ

**ഇടുക്കി:** ജില്ലയിലെ സങ്കീർണമായ ഭൂപ്രശ്നങ്ങൾ പട്ടയമിഷന്റെ ഭാഗമായി സർക്കാർ പരിഗണിക്കുമെന്ന് റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ. സംസ്ഥാനസർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ഇടുക്കി ജില്ലാതല പട്ടയമേള ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സങ്കീർണമായ ഭൂപ്രശ്നങ്ങൾ ധാരാളമുള്ള ജില്ലയാണ് ഇടുക്കി. ഇവ ഘട്ടംഘട്ടമായി പരിഹരിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ തുടർച്ചയാണ് പട്ടയമിഷനും. നിയമപരവും സാങ്കേതികവുമായ തടസങ്ങൾ ഒഴിവാക്കി ഭൂപ്രശ്നങ്ങൾക്ക് ശാശ്വാത പരിഹാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പട്ടയമിഷന്റെ ഭാഗമായി സ്വീകരിക്കും. കാലങ്ങളായി തീരുമാനമില്ലാതെ അവശേഷിച്ച വാണിജ്യസ്ഥാപനങ്ങൾക്കുള്ള പട്ടയം, വിവിധ ഡാമുകളുടെ ചെയിൻ പ്രദേശത്തെ പട്ടയം, ലാൻഡ് രജിസ്റ്ററിൽ ഏലകൃഷി എന്ന് രേഖപെടുത്തൽ തുടങ്ങി ജില്ലയിലെ സങ്കീർണമായ വിവിധ പ്രശ്നങ്ങൾ പട്ടയ മിഷന്റെ ഭാഗമായി സർക്കാർ പരിഗണനക്കെടുത്തിട്ടുണ്ട്. പട്ടയ പ്രശ്നങ്ങൾ എംഎൽഎമാരുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്യും. ഭൂപതിവ് നിയമ, ചട്ട ഭേദഗതി അതീവ ഗൗരവത്തോടെയാണ് സർക്കാർ നോക്കികാണുന്നതെന്നും ജനാഭിലാഷത്തെ മുൻനിർത്തിയുള്ള നടപടി വൈകാതെ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ദേവികുളം, ഇടുക്കി, തൊടുപുഴ എന്നീ താലൂക്കുകളിലെ എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെയും നവീകരിച്ച ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിന്റെയും ഉദ്ഘാടനവും റവന്യൂ അതിഥിമന്ദിരം, ഇടുക്കി തഹസീൽദാറുടെ ഔദ്യോഗിക വസതി എന്നിവയുടെ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവഹിച്ചു.

മേളയിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. അടുത്ത നിയമസഭ സമ്മേളനത്തിൽ 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്ന് ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുമെന്നും അതിനായി സർക്കാർ ഇച്ഛാശക്തിയോടെ പ്രവർത്തിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സമസ്തമേഖലയിലും സാമൂഹിക നീതിയിൽ അധിഷ്ഠിതവും സർവതല സ്പർശിയുമായ വികസന സാധ്യത കണ്ടെത്താനും ഏറ്റവും സെൻസിറ്റീവായ ഭൂപ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്താൻ അടിസ്ഥാനപരമായ നയങ്ങളും സമീപനവും സ്വീകരിച്ചുകൊണ്ടുമാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇത്രയും പേർക്ക് പട്ടയം ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിച്ച ജില്ലാ ഭരണകൂടത്തെയും മന്ത്രി അഭിനന്ദിച്ചു. മേമാരി മുറിയിലെ ലീല തങ്കപ്പന് വനവകാശ രേഖ കൈമാറി കൊണ്ട് പട്ടയവിതരണത്തിന് അദ്ദേഹം തുടക്കം കുറിച്ചു.

## കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ തസ്തികയിൽ ഒഴിവ്

**ചാലക്കുടി:** ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ തസ്തികയിൽ ഒഴിവ്. സ്കൂളിൽ താമസിച്ച് ജോലി ചെയ്യാൻ താല്പര്യമുള്ള വനിതകളായ ഉദ്യോഗാർത്ഥികൾക്കാണ് അവസരം. നിയമന കാലാവധി പരമാവധി 2024 മാർച്ച് 31 വരെയായിരിക്കും.

കുറഞ്ഞത് മൂന്നുവർഷത്തെ പ്രവർത്തിപരിചയം അനിവാര്യമാണ്. പ്രതിമാസ വേതനം 19,950 രൂപ.

വിദ്യാഭ്യാസ യോഗ്യത: നിശ്ചിത ട്രേഡിൽ ലഭിച്ച ടെക്നിക്കൽ ഹയർ സെക്കണ്ടറി ലിവിംഗ് സർട്ടിഫിക്കറ്റ് പരീക്ഷയിൽ വിജയം അല്ലെങ്കിൽ എസ് എസ് എൽ സി വിജയവും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് / കേരള എഞ്ചിനീയറിംഗ് പരീക്ഷ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സർട്ടിഫിക്കറ്റ് കോഴ്സ് എന്നിവയിൽ നിശ്ചിത ട്രേഡിലുള്ള വിജയം.

യോഗ്യരായ ഉദ്യോഗാർത്ഥികൾ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡാറ്റ, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം മെയ് 18നു മുൻപായി ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ, ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസ്, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി 680307 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉയർന്ന യോഗ്യതയുള്ളവരേയും പരിഗണിക്കുന്നതാണ്.

## സംരംഭക വികസന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ സംഘടിപ്പിക്കുന്ന ബിസിനസ് ഗ്രോത്ത് പ്രോഗ്രാമിലേക്ക് നിലവിൽ സംരംഭങ്ങൾ നടത്തുന്ന സംരംഭകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

താൽപര്യമുള്ളവർ www.edckerala.org എന്ന വെബ്സൈറ്റ് മുഖേന മെയ് 20 ന് മുൻപ് അപേക്ഷ സമർപ്പിക്കണം.

മെന്റർഷിപ്പ് സെഷനുകൾ, പരിശീലന പരിപാടികൾ എന്നിവയിലൂടെ ശരിയായ ബിസിനസ് നിർദ്ദേശങ്ങൾ നൽകുക, സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരഭങ്ങളുടെ വിപുലീകരണം, സാമ്പത്തിക സ്ഥിരത, നവീകരണം എന്നിവയിൽ പിന്തുണയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്.

35 ലക്ഷത്തിനും 50 കോടിക്കും ഇടയിൽ വാർഷിക വിറ്റുവരവുള്ള 10 വർഷത്തിന് താഴെയായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന സംരംഭയൂണിറ്റുകൾക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2550322/2532890/7012376994/9605542061.

# ദേശീയപാത നവീകരണത്തിന് പുത്തൻ സാങ്കേതിക വിദ്യകൾ



**ആലപ്പുഴ:** ജില്ലയിൽ ദേശീയപാത നവീകരിക്കാൻ ഉപയോഗിക്കുന്നത് പുത്തൻ സാങ്കേതിക വിദ്യകളും. സോയിൽ സ്റ്റെബിലൈസേഷൻ, ജിയോഗ്രിഡ് ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളും അത്യാധുനിക ഉപകരണങ്ങളുമാണു റോഡ് നിർമാണത്തിനു പയോഗിക്കുന്നത്. റോഡ് നിർമാണത്തിനു ബിറ്റുമിനൊപ്പം പ്ലാസ്റ്റിക് ഉപയോഗിക്കാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്.

റോഡ് നിർമാണത്തിൽ ബിറ്റുമിൻ പാളിക്കു തൊട്ടു താഴെയായി സ്റ്റേബിൾ റോഡ് കെമിക്കൽ മിശ്രിതം നിരത്തുകയാണു ചെയ്യുന്നത്. ഡബ്ല്യുആർ 240 മെഷീൻ ഉപയോഗിച്ചാണു റോഡ് നിരപ്പാക്കുക. 25, 30 സെന്റീമീറ്റർ കനത്തിലാണു സ്റ്റെബിലൈസേഷൻ കെമിക്കൽ മിശ്രിതം നിരത്തുക. റോഡ് നിർമാണത്തിലെ ഡബ്ല്യുഎംഎം പാളിക്കു പകരമാണു സ്റ്റേബിൾ റോഡ് പാളി ഉപയോഗിക്കുന്നത്. പേറ്റന്റുള്ള രാസവസ്തു ജർമനിയിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്.

റോഡ് നിർമാണത്തിനുള്ള മെറ്റൽ ഉൾപ്പെടെയുള്ള സാധനങ്ങളുടെ ഉപയോഗം കുറയുമെന്നതാണു പ്രധാന ഗുണം. സാധാരണ രീതിയിൽ റോഡ് നിർമിക്കുന്നതിന്റെ 50, 70% സമയലാഭവുമുണ്ടാകും. കൂടുതൽ ഉറപ്പും നിലവാരവുമുണ്ടാകും. റോഡിൽ വെള്ളം താഴ്ന്നിറങ്ങിയാലും റോഡിനു തകരാറുണ്ടാകില്ലെന്നതും പുതിയ സാങ്കേതികവിദ്യയുടെ നേട്ടമാണ്.

സർവീസ് റോഡ് നിർമാണത്തിനു പ്ലാസ്റ്റിക് ഉപയോഗിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നു. റോഡ് നിർമാണത്തിന് ഉപയോഗിക്കാവുന്ന പോളി എത്തിലീന്റെ അളവ് സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യത്തിൽ കുറവാണെന്നു കണ്ടെത്തിയിരുന്നു. ദേശീയപാതയുടെ സർവീസ് റോഡ് നിർമാണത്തിനു പ്ലാസ്റ്റിക് മാലിന്യം ഉപയോഗപ്പെടുത്തണമെന്നു കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദേശമുണ്ട്. പ്ലാസ്റ്റിക് ഉപയോഗിച്ച റോഡിനു നിലവാരം കുറവായിട്ടും കേന്ദ്ര നിർദേശം കാരണമാണു പ്ലാസ്റ്റിക് ഉപയോഗിക്കാൻ ശ്രമിക്കുന്നത്.

ദേശീയപാത നിർമാണത്തിന് ജിയോഗ്രിഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് കലവൂരിൽ 100 മീറ്ററിൽ പരീക്ഷണ നിർമാണം തുടങ്ങി. റോഡിലെ ഭാരം ഒരു സ്ഥലത്ത് മാത്രം കേന്ദ്രീകരിക്കാതെ തുല്യമായി വരുന്ന തരത്തിലുള്ള നിർമാണ രീതിയാണിത്. റോഡിൽ കുഴികൾ രൂപപ്പെടുന്നത് ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ആകെ 6 പാളികളായാണ് റോഡ് നിർമാണം. ഏറ്റവും അടിഭാഗത്ത് 500 മില്ലിമീറ്ററിൽ മണൽ, അതിന് മുകളിൽ 200 എംഎം സിമന്റ് ഉപയോഗിച്ചുള്ള മിശ്രിതം, മധ്യത്തിൽ വല രൂപത്തിലുള്ള എച്ച്ഡിപിഇ ജിയോഗ്രിഡ് പാളികൾ, അതിന് മുകളിൽ 185 എംഎം മെറ്റൽ മിശ്രിതം, ഇവയ്ക്ക് മുകളിൽ 50 എംഎം ടാറിങ് മിശ്രിതവും ഏറ്റവും മുകളിലായി 40 മില്ലിമീറ്ററിൽ ബിറ്റുമിൻ കോൺക്രീറ്റുമാണ് ചേർക്കുക. ചെറിയ കലവൂരിന് സമീപത്തു നിന്നു കലവൂർ ജംക്ഷൻ ഭാഗത്തേക്ക് 100 മീറ്ററിലാണ് പരീക്ഷണാടിസ്ഥാനത്തിൽ റോഡ് നിർമാണം പുരോഗമിക്കുന്നത്.

അരൂർ തുറവൂർ ആകാശപ്പാത നിർമാണത്തിന്റെ ഭാഗമായി രണ്ടു കോടിയോളം രൂപ ചെലവാക്കി ഡൽഹിയിൽ നിന്ന് മൂന്നു കൂറ്റൻ ഡ്രില്ലിങ് യന്ത്രങ്ങളാണ് എത്തിച്ചിട്ടുള്ളത്.

ഒറ്റത്തൂണിൽ നിർമിക്കുന്ന ആറുവരിപ്പാതയായതിനാൽ ആഴത്തിലാണു തൂണുകൾ സ്ഥാപിക്കുന്നത്.

# വരട്ടാർ നവീകരണം ഇഴയുന്നു, നദിയിൽ നിന്നുള്ള മലിനജലം കിണറുകളിലേക്ക്



**തിരുവൻവണ്ടൂർ:** വരട്ടാർ നവീകരണം ഇഴയുമ്പോൾ തീരത്തെ താമസക്കാർ ദുരിതത്തിൽ. നീരൊഴുക്ക് ഇല്ലാതായ നദിയിൽ നിന്നുള്ള മലിനജലം കിണറുകളിലേക്ക് ഇറങ്ങുന്നതോടെ പലയിടത്തും ശുദ്ധജലം കിട്ടാക്കനിയാകുന്നു. പായലും പോളയും നിറഞ്ഞു കിടക്കുന്ന നദിയിൽ നിന്നു വെള്ളം ഉറവയായി കിണറുകളിൽ ഇറങ്ങുന്നുണ്ട്. ഇത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുമെന്ന ഭീതിയിലാണ് നാട്ടുകാർ.

വേനൽക്കാലം തുടങ്ങിയതോടെ വരട്ടാറിന്റെ പല ഭാഗങ്ങളിലും നീരൊഴുക്ക് ഇല്ലാതായി. പിഐപി കനാലിൽ നിന്നുള്ള മാലിന്യങ്ങളും സബ് കനാൽ വഴി വരട്ടാറിലേക്ക് ഒഴുകി എത്തുന്നുണ്ട്. നീരൊഴുക്കില്ലാത്ത ഭാഗത്ത് ഇവ കെട്ടിക്കിടക്കുകയാണ്. തിരുവല്ല, കുറ്റൂർ പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ പ്രയാറ്റുക്കടവിൽ വൻതോതിൽ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ അടിഞ്ഞു കൂടി. നാട്ടുകാർ മന്ത്രിമാർ ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകിയെങ്കിലും നടപടി ഉണ്ടായില്ല. വീതി കുറഞ്ഞ, നീരൊഴുക്ക് ഇല്ലാത്ത ഭാഗങ്ങളിലാണ് മാലിന്യം കൂടുതലും. പാമ്പ്, കീരി, നീർനായ് എന്നിവയുടെയെല്ലാം ആവാസകേന്ദ്രമായി ഇവിടം മാറിയിരിക്കുകയാണെന്നും പ്രദേശവാസി തോമസ് മന്ത്രി പി.രാജീവിനു നൽകിയ പരാതിയിൽ ചൂണ്ടിക്കാട്ടുന്നു.

വരട്ടാറ്റിൽ അടിഞ്ഞു കൂടിയ എക്കലും ചെളിയും നീക്കം ചെയ്ത് ഒഴുക്ക് പുനസ്ഥാപിക്കാനുള്ള ശ്രമങ്ങൾ വിജയം കണ്ടില്ല. പിന്നാലെ വേനൽമഴ ശക്തമായതോടെ ചെളിയെടുപ്പും നിർത്തി വച്ചു. മഴക്കാലത്തിനു മുൻപു പൂർത്തിയാക്കേണ്ട വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനങ്ങളും നിലച്ചു. ഒന്നര മാസത്തോളം മുൻപാണ് ചെളിയെടുത്തു തുടങ്ങിയത്.

മേൽമണ്ണും ചെളിയും മാറ്റി സ്വഭാവിക നീരൊഴുക്ക് വീണ്ടെടുക്കുന്നതിനു പകരം ആഴത്തിൽ മണലെടുക്കാൻ ശ്രമിച്ചപ്പോൾ നാട്ടുകാർ എതിർത്തു. ഇതോടെ പ്രവൃത്തികൾ പല തവണ തടസപ്പെട്ടു. എന്നാൽ ചേലൂർകടവിൽ വരട്ടാറ്റിൽ നിന്നു ചെളിയും മണലും എടുക്കുന്നുണ്ട്.

## ഇടാപ്പ് വഴി ഇതുവരെ നൽകിയത് 57,548 കണക്ഷനുകൾ

**തിരുവനന്തപുരം:** വാട്ടർ കണക്ഷൻ ലഭിക്കുന്നതിനും ഉപഭോക്തൃ സേവനങ്ങൾ ലഭിക്കുന്നതിനുമായി നടപ്പാക്കിയ ഉപഭോക്തൃ സൗഹൃദ വെബ് അപ്ലിക്കേഷൻ ഇടാപ്പ് വഴി ഇതുവരെ നല്കിയത് 57,548 കണക്ഷനുകൾ. ജല അതോറിററി ഓഫീസുകളിൽ എത്താതെതന്നെ കുടിവെള്ള കണക്ഷന് അപേക്ഷ നൽകാം എന്നതാണ് ഇടാപ്പിന്റെ പ്രത്യേകത. അപേക്ഷ നൽകുന്നതു മുതൽ കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതുവരെയുള്ള സേവനങ്ങൾ മൊബൈലിലൂടെ ഉപഭോക്താവിന് ലഭിക്കും. കണക്ഷന് വേണ്ടിയുള്ള തുക ഓൺലൈനായി തന്നെ അടയ്ക്കാമെന്നതിനാൽ ഇടനിലക്കാരുടെ തട്ടിപ്പിന് വിധേയരാവുകയുമില്ല.

2022 ജനുവരിയിലാണ് പദ്ധതി ആരംഭിച്ചത്. ഇതുവരെ 1,08,564 അപേക്ഷകൾ ലഭിച്ചു. 77 ശതമാനം അപേക്ഷകളിൽ കുടിവെള്ള കണക്ഷനുകൾ നൽകി. 20,187 അപേക്ഷകളിൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. 25,870 എണ്ണം തള്ളി.

അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ നഗരപരിധിയിൽ 12 ദിവസത്തിനകവും ഗ്രാമീണ മേഖലയിൽ 25 ദിവസത്തിനുള്ളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കും. ആപ്ലിക്കേഷൻ വഴി ഇതുവരെ ഏറ്റവും കൂടുതൽ അപേക്ഷ ലഭിച്ചത് തിരുവനന്തപുരം ജില്ലയിലാണ്, 13,482. എറണാകുളം (12,659), കോഴിക്കോട്(6,657) എന്നിങ്ങനെയാണ് കണക്ക്. അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ അംഗീകൃത പ്ലമ്പർമാർക്ക് ജോലികൾ വിതരണം ചെയ്യുന്നു.

അപേക്ഷകൾ സമർപ്പിക്കുന്നതിന് ഉപഭോക്താക്കൾ അവരുടെ ഇമെയിൽ ഐഡി ഉപയോഗിച്ച് ഇടാപ്പ് വെബ് പോർട്ടലിൽ ഒരു അക്കൗണ്ട് സൃഷ്ടിക്കണം. ഈ അക്കൗണ്ട് ഉപയോഗിച്ച് ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ മൊബൈൽ നമ്പർ നിർബന്ധമാണ്.

കേരള വാട്ടർ അതോറിറ്റി വെബ്സൈറ്റിൽ(www.kwa.kerala.gov.in) ഇടാപ്പ് ലോഗിൻ പേജിൽ കാണുന്ന ക്രിയേറ്റ് ന്യൂ അക്കൗണ്ട് എന്ന ലിങ്ക് വഴിയാണ് അക്കൗണ്ട് സൃഷ്ടിക്കേണ്ടത്. ഈ അക്കൗണ്ട് ഉപയോഗിച്ച് വിവിധ സേവനങ്ങൾക്കായി അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും സാധിക്കും.

## പ്രീമെട്രിക് ഹോസ്റ്റൽ പ്രവേശനം

**പാലക്കാട്:** കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ ആൺകുട്ടികളുടെയും (കൊല്ലങ്കോട്) പെൺകുട്ടികളുടെയും (പുതുനഗരം) ഗവ പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനത്തിന് അഞ്ച് മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്ന് അപേക്ഷിക്കാം. മറ്റ് വിഭാഗക്കാർക്ക് 10 ശതമാനം സംവരണം ലഭിക്കും. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷ ജാതി, വരുമാനം, പ്രധാനധ്യാപകന്റെ സാക്ഷ്യപത്രം സഹിതം മെയ് 20 ന് വൈകിട്ട് അഞ്ചിനകം കൊല്ലങ്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നൽകണമെന്ന് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു. താമസം, ഭക്ഷണം, ട്യൂഷൻ, യൂണിഫോം, പഠനോപകരണങ്ങൾ, പോക്കറ്റ് മണി എന്നിവ സൗജന്യമാണ്. ഫോൺ: 8547630129.

# സംഭരണ സംവിധാനമില്ല; കവ്വായി കായലിലെ കല്ലുമ്മക്കായ വിളവെടുപ്പ് പ്രതിസന്ധിയിൽ

**തൃക്കരിപ്പൂർ:** രാജ്യത്ത് ഏറ്റവും അധികം കല്ലുമ്മക്കായ ഉൽപാദിപ്പിക്കുന്ന കവ്വായി കായലിൽ വിളവെടുക്കാതെ 20 ടണ്ണിൽ അധികം ബാക്കി. മൂപ്പെത്തിയിട്ടും വിളവെടുക്കാത്തത് സംഭരണ സംവിധാനം ഇല്ലാത്തത് മൂലം. വിളവെടുക്കാൻ ഇനിയും വൈകിയാൽ കായലിൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടും. കർഷകർ കടുത്ത പ്രതിസന്ധിയിലാണ്. ഇന്ത്യയിൽ കൃഷി ചെയ്തുണ്ടാക്കുന്നതിൽ 80 ശതമാനം കല്ലുമ്മക്കായ ഉൽപാദിപ്പിക്കുന്നത് കാസർകോട് ജില്ലയിലാണ്. ഇതിൽ തന്നെ വലിയപറമ്പ്, പടന്ന, ചെറുവത്തൂർ, തൃക്കരിപ്പൂർ എന്നീ പഞ്ചായത്തുകളിലാണ് പ്രധാനമായും കല്ലുമ്മക്കായ കൃഷി. രണ്ടായിരത്തിൽ പരം കർഷകർ ഈ കൃഷിമേഖലയിലുണ്ട്. ആശ്രയിച്ചു കഴിയുന്നവർ ഇതിനെക്കാൾ ഇരട്ടിയുണ്ട്. ജില്ലയിൽ ഈ വർഷം മാത്രം 1767 പേർക്ക് കൃഷി നടത്തുന്നതിനു ഫിഷറീസ് വകുപ്പ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ ഇതിന്റെ പകുതിയിൽ താഴെ ആളുകൾ മാത്രമാണ് ജില്ലയിൽ കല്ലുമ്മക്കായ കൃഷിയിലേക്ക് വന്നത്.



കഴിഞ്ഞ വർഷം 300 രൂപയിൽ അധികം കിലോയ്ക്ക് വില ലഭിച്ചെങ്കിൽ ഇത്തവണ 100 രൂപ പോലും കിട്ടാത്ത സ്ഥിതിയാണ്. ഉൽപന്ന സംഭരണത്തിലും വിത്തു വിതരണത്തിലും ഇടത്തട്ടുകാരുടെ കൊടിയ ചൂഷണവും ഈ കൃഷിമേഖലയോട് സർക്കാർ കാട്ടുന്ന കടുത്ത അവഗണനയും കായലിൽ കർഷകരുടെ കണ്ണീര് വീഴ്ത്തുന്നു. സംഭരണം നടത്തുന്നതിനും വിത്ത് വിതരണം നടത്തുന്നതിനും സർക്കാർ ഏജൻസികൾ ഉണ്ടായില്ലെങ്കിൽ വൈകാതെ കവ്വായി കായലിൽ നിന്നു കല്ലുമ്മക്കായ കൃഷി രംഗമൊഴിയുന്ന സ്ഥിതിയുണ്ടാകും.

കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അന്തരീക്ഷത്തിലെ ഉയർന്ന താപനിലയും ഊഷ്മാവും ഉപ്പിന്റെ സാന്ദ്രത കൂടിയതും പെർക്യൂനസ് എന്ന പാരാസൈറ്റിന്റെ വ്യാപനവും നിമിത്തം വ്യാപകമായി കല്ലുമ്മക്കായ പിളർന്ന് നശിക്കുന്നതിലേക്ക് എത്തിയതായി കർഷകർ പറയുന്നു. ഈ സാഹചര്യത്തിൽ വിളവെടുക്കുകമാത്രമേ കർഷകർക്ക് നിവൃത്തിയുള്ളൂ. ഇങ്ങനെ വ്യാപകമായി വിളവെടുപ്പ് നടക്കുമ്പോൾ ഉൽപന്നം എടുക്കാൻ ആളില്ലാത്തതും, എടുക്കുന്നതിന് തുച്ഛമായ വില നൽകുന്നതുമാണ് പ്രധാന പ്രതിസന്ധി. ഇതിന് പരിഹാരം കാണണമെങ്കിൽ സർക്കാരിനു കീഴിൽ മത്സ്യഫെഡ് പോലുള്ള ഏതെങ്കിലും പൊതു സംവിധാനത്തിലൂടെ ന്യായ വില നൽകി കല്ലുമ്മക്കായ സംഭരിക്കുകയാണ് വേണ്ടത്.



ഡോ.വന്ദന ദാസിന്റെ മരണത്തിൽ പ്രതിഷേധിച്ചും ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും ആശുപത്രികൾക്കും സംരക്ഷണം നൽകുന്നതിനുള്ള നിയമം അടിയന്തരമായി സർക്കാർ പാസാക്കണമെന്നും ആവശ്യപ്പെട്ട് വിവിധ മെഡിക്കൽ സംഘടനകളുടെ നേതൃത്വത്തിൽ ഡോക്ടർമാർ എറണാകുളം കലക്ടറേറ്റ് പടിക്കൽ ഉപരോധ സമരം നടത്തിയപ്പോൾ

### ഡോ.വന്ദന ദാസിന്റെ കൊലപാതകം

# ആരോഗ്യപ്രവർത്തകർക്ക് സംരക്ഷണം നൽകണം; കലക്ടറേറ്റ് ഉപരോധിച്ച് ഡോക്ടർമാർ

**കൊച്ചി:** കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടയിൽ അക്രമിയുടെ കുത്തേറ്റ് അതിദാരുണമായി കൊല്ലപ്പെട്ട ഡോ.വന്ദന ദാസിന്റെ മരണത്തിൽ പ്രതിഷേധിച്ചും ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും ആശുപത്രികൾക്കും സംരക്ഷണം നൽകുന്നതിനുള്ള നിയമം അടിയന്തരമായി സർക്കാർ പാസാക്കണമെന്നും ആവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ എറണാകുളം ജില്ലാ ഘടകം,കെ.ജി.എം.ഒ.എ,ഐ.ഡി.എ,കെ.ജി.ഐ.എം.ഒ.എ,കെ.ജി.എം.സി.ടി.എ,കെ.ജി.എസ്.ഡി.എ ഉൾപ്പെടെ 32 ഓളം മെഡിക്കൽ സംഘടനകളുടെ നേതൃത്വത്തിൽ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും എറണാകുളം കലക്ടറേറ്റ് ഉപരോധിച്ചു.

കൊച്ചിൻ ഐ.എം.എ ജില്ലാ പ്രസിഡന്റ് ഡോ.ശ്രീനിവാസ കമ്മത്ത് ഉപരോധ സമരം ഉദ്ഘാടനം ചെയ്തു.ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും നിർഭയമായി ജോലി ചെയ്യാനും സംരക്ഷണവും ഇല്ലാത്ത അവസ്ഥ തുടർന്നാൽ അടുത്ത പത്തു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ജോലി ചെയ്യാനുള്ള ഡോക്ടർമാരുടെ കടുത്ത ക്ഷാമം നേരിടുമെന്ന കാര്യത്തിൽ സംശമില്ലെന്ന് ഡോ.ശ്രീനിവാസ കമ്മത്ത് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. അനുദിനം വർധിച്ചുവരുന്ന ആക്രമണങ്ങൾ നിമിത്തം തങ്ങളുടെ കുട്ടികളെ എംബിബിഎസ് പഠനത്തിന് അയക്കാൻ മാതാപിതാക്കൾ തയ്യാറാകാത്ത സ്ഥിതിയിലേക്കാണ് കേരളം പോകുന്നത്. സംരക്ഷണമില്ലാത്ത അവസ്ഥയിൽ ആരും ആരോഗ്യമേഖലയിലേക്ക് ജോലിക്കായി ആരും കടന്നുവരാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന കാര്യം കേരളത്തിലെ ഭരണാധികാരികൾ കാണാതെ പോകരുത്.

ആരോഗ്യമേഖലയിൽ കേരളം ഒന്നാമത് എന്നാണ് അവകാശപ്പെടുന്നതെങ്കിലും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് യാതൊരു സുരക്ഷിതത്വവും ഇല്ലാത്ത സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളതെന്നും ഡോ.ശ്രീനിവാസ കമ്മത്ത് പറഞ്ഞു. ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും ആശുപത്രികൾക്കും സംരക്ഷണം നൽകുന്ന ഓർഡിനൻസ് സർക്കാർ പാസാക്കുന്നതുവരെ ഒപി ബഹിഷ്കരിച്ച് തങ്ങൾ സമരം ചെയ്യുമെന്നും ഡോ.ശ്രീനിവാസ കമ്മത്ത് പറഞ്ഞു.ഡോ.വന്ദന ദാസിന്റെ മരണം പാർലമെന്റിൽ ഉയർത്തുമെന്ന് സമരത്തിന് പിന്തുണയുമായി എത്തിയ രാജ്യസഭാ എം.പി ജെബി മേത്തർ പറഞ്ഞു. ഡോ.വന്ദന ദാസിന്റെ കൊലപാതകം നിസാരവൽക്കരിക്കാനും ന്യായീകരിക്കാനും ശ്രമിച്ചവർക്കും മാപ്പു നൽകാൻ കഴിയില്ല. ഇത്തരക്കാരെയും പ്രതിക്കൂട്ടിലാക്കാണ്ടതാണെന്നും ജെബി മേത്തർ പറഞ്ഞു. തന്റെ കർത്തവ്യനിർവ്വഹണത്തിനിടയിൽ അക്രമയുടെ കത്തിമുനയിൽ ജീവൻ ഹോമിക്കപ്പെട്ട വന്ദനാ ദാസ് കേരളത്തിന്റെ മനസിൽ എന്നും വിങ്ങുന്ന ഓർമ്മയായിരിക്കുമെന്നും ജെബി മേത്തർ എം.പി വ്യക്തമാക്കി.ഡോ.എം.എം ഹനീഷ്.ഡോ.അൻവർ ഹസൻ, ഡോ.എബ്രാഹം വർഗീസ്,ഡോ.ശ്രീജ ശ്രീനിവാസ്,ഡോ.എം.എൻ മേനോൻ,ഡോ.അശ്വിൻ സുർജിത്, ഡോ.സണ്ണി.പി ഒരത്തേൽ,ഡോ.ഇസഹാക്ക്, ഡോ.വിനോദ് പൗലോസ് തുടങ്ങിയവർ സംസാരിച്ചു.

### സമരം അവസാനിപ്പിച്ചതായി ഐ.എം.എ

**കൊച്ചി:** ആശുപത്രി സംരക്ഷിത മേഖലയായി പ്രഖ്യാപിക്കണമെന്ന ആവശ്യം മന്ത്രിസഭയിൽ ചർച്ച ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ ഓർഡിനൻസ് ഇറക്കാമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പിന്മേൽ സമരം അവസാനിപ്പിക്കുകയാണെന്ന് ഐ.എം.എ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ, എബ്രാഹം വർഗീസ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.ഒരാഴ്ച സമയമാണ് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.ഇത് തങ്ങൾ അംഗീകരിക്കുകയാണ്.കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ വരാൻ പോകുന്ന പുതിയ ബ്ലോക്കിന് ഡോ.വന്ദനയുടെ പേര് നൽകുമെന്നും സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടെന്നും ഇതും പാലിക്കപ്പെടുമെന്നാണ് വിശ്വസിക്കുന്നതെന്നും ഡോ.എബ്രാഹം വർഗീസ് പറഞ്ഞു.സർക്കാർ ഉറപ്പു ലംഘിച്ചാൽ വീണ്ടും സമരരംഗത്തിറങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

# കെ.ആർ ഗൗരിയമ്മ രാഷ്ട്രീയം ജനസേവനമാണെന്ന മൂല്യം മുറുകെ പിടിച്ച വ്യക്തി : അഡ്വ.കെ.എൻ രാജൻ ബാബു

**ആലപ്പുഴ:** രാഷ്ട്രീയം ധനസമ്പാദനമല്ല ജനസേവനമാണെന്ന് മൂല്യം ജീവിതത്തിലുടനീളം മുറുകെപ്പിടിച്ച വ്യക്തിയായിരുന്നു കെ ആർ ഗൗരിയമ്മയെന്ന് മുൻ എം.എൽ.എയും ജെ.എസ്.എസ് ജനറൽ സെക്രട്ടറിയുമായ അഡ്വ എ.എൻ രാജൻബാബു. കെ ആർ ഗൗരിയമ്മയുടെ രണ്ടാമത് സ്മൃതിദിനസമ്മേളനം ആലപ്പുഴ റെയ്ബാൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 36ാം വയസിൽ കേരളത്തിന്റെ റവന്യൂമന്ത്രിയായി കെ.ആർ ഗൗരിയമ്മ അധികാരമേൽക്കുമ്പോൾ യാതൊരു ഭരണപരിചയവും ഇല്ലായിരുന്നു. എങ്കിലും ചുമതലയേറ്റതിന്റെ ആറാം ദിവസം കുടിയൊഴിപ്പിക്കൽ നിരോധന ഓർഡിനൻസ് വഴി കേരളത്തിലെ 28 ലക്ഷം ജനങ്ങൾക്ക് നിയമ സംരക്ഷണം നൽകാൻ ഗൗരിയമ്മയ്ക്ക് കഴിഞ്ഞുവെന്നത് എത്രമാത്രം പ്രഗൽഭയായിരുന്നു അവർ എന്നാണ് വ്യക്തമാകുന്നത്. വിപ്ലവകരമായ ഒട്ടേറെ നിയമങ്ങളാണ് ഗൗരിയമ്മ മന്ത്രിയായിരുന്ന സമയത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഗൗരിയമ്മയെ സിപിഎം പുറത്താക്കിയപ്പോൾ യഥാർത്ഥത്തിൽ കമ്മ്യൂണിസത്തെയാണ് സി.പി.എം പാർട്ടിയിൽ നിന്നും അന്ന് പുറത്താക്കിയത്. ഗൗരിയമ്മ പാസാക്കിയ ഭൂപരിഷ്കരണ നിയമത്തിൽ പിന്നീട് വെള്ളം ചേർക്കുകയാണ് ചെയ്തത്. വികസനവും പദ്ധതികളുമൊക്കെ അഴിമതിയുടെ സാധ്യതകളായി മാറരുതെന്ന നിർബന്ധബുദ്ധിയുള്ള വ്യക്തിയായിരുന്നു ഗൗരിയമ്മയെന്നും എന്നാൽ ഇതിനു വിരുദ്ധമാണ് ഇന്നത്തെ സർക്കാരിന്റെ നിലപാടെന്നും അഡ്വ.രാജൻ ബാബു പറഞ്ഞു. വർത്തമാന കാല രാഷ്ട്രീയഭരണാധികാരികൾക്ക് ആദർശജീവിതവും മൂല്യബോധവും കൈമോശം വന്നിരിക്കുന്നു. സ്വജനപക്ഷപാതവും അഴിമതിയും അക്രമികളെ സംരക്ഷിക്കലുമൊക്കെയായി ഇടതുപക്ഷ പാർട്ടിയെന്ന് വിളിക്കപ്പെടാൻ അർഹതയില്ലാത്തവിധം കമ്മ്യൂണിസ്റ്റ് പാർട്ടി അധിപതിച്ചുവെന്നും ഇതിൽ ഇടതു പ്രവർത്തകർ അടക്കമുള്ള ജനങ്ങൾ അതീവ ദുഖിതരാണെന്നും അഡ്വ. രാജൻ ബാബു പറഞ്ഞു.





ജെ.എസ്.എസിന്റെ നേതൃത്വത്തിൽ ആലപ്പുഴ റെയ്ബാൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച കെ ആർ ഗൗരിയമ്മ സ്മൃതിദിനസമ്മേളനം മുൻ എം.എൽ.എയും ജെ.എസ്.എസ് ജനറൽ സെക്രട്ടറിയുമായ അഡ്വ എ.എൻ രാജൻബാബു ഉദ്ഘാടനം ചെയ്യുന്നു.

ജെ.എസ്.എസ് സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.വി താമരാക്ഷൻ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. കെ.ആർ ഗൗരിയമ്മയുടെ ഛായാചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തിയതിനു ശേഷമായിരുന്നു അനുസ്മരണ സമ്മേളനം ആരംഭിച്ചത്. സംസ്ഥാന സെക്രട്ടറി ആർ പൊന്നപ്പൻ അനുസ്മരണ പ്രമേയം അവതരിപ്പിച്ചു. പി സി ജയൻ, സുധാകരൻ പള്ളത്ത്, വികെ സുനിൽകുമാർ, ഗിരിജൻ, സുരേഷ് ബാബു, രാധാഭായി ജയചന്ദ്രൻ തുടങ്ങിയവർ

അനുസ്മരണപ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി പി. രാജു സ്വാഗതവും ജില്ലാ പ്രസിഡന്റ് ആർ ശശീന്ദ്രൻ നന്ദിയും പറഞ്ഞു. സമ്മേളനത്തിനു ശേഷം ആലിശ്ശേരി മഹിളാമന്ദിരത്തിൽ അന്നദാന വും നടത്തി

### തീരദേശ പാത വികസസനം:

# സർക്കാർ പുനരധിവാസ പാക്കേജ് ഇന്ത്യയിൽ ഏറ്റവും മികച്ചത്: മന്ത്രി മുഹമ്മദ് റിയാസ്




**കൊച്ചി:** തീരദേശ പാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്കും കെട്ടിടങ്ങൾക്കും പുനരധിവാസത്തിനുമായി സർക്കാർ നൽകുന്ന നഷ്ടപരിഹാര പാക്കേജ് ഇന്ത്യയിൽ ലഭിക്കാവുന്നതിൽ ഏറ്റവും മികച്ചതെന്ന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ഏറ്റെടുക്കുന്ന സ്ഥലത്തിനും കെട്ടിടത്തിനും നഷ്ടപരിഹാരം നൽകും. പുനരധിവസിക്കപ്പെടുന്ന കുടുംബങ്ങൾക്ക് 600 ചതുശ്ര അടി ഫ്ളാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപ ഒറ്റത്തവണ നഷ്ടപരിഹാരം ലഭിക്കും. ഇന്ത്യയിൽ ഒരിടത്തും തീരദേശ പാത വികസനത്തിന് ഇത്രയും മികച്ച പുനരധിവാസ പാക്കേജ് നൽകുന്നില്ലെന്നും മന്ത്രി പറഞ്ഞു. നവീകരിച്ച എടവനക്കാട് ഇക്ബാൽ റോഡിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.9 ജില്ലകളിലൂടെ 52 സ്ട്രെച്ചിൽ 623 കിലോമീറ്ററിലാണ് തീരദേശ പാത യഥാർഥ്യമാകുന്നത്. ഇതിൽ 44 സ്ട്രെച്ചുകളിലായി 537 കിലോമീറ്റർ ദൂരം പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരള റോഡ് ഫണ്ട് ബോർഡാണ്(കെ.ആർ.എഫ്.ബി) നിർമ്മാണം നടത്തുന്നത്. 24 സ്ട്രെച്ചുകളിലായി 415 കിലോ മീറ്റർ ദൂരം ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി നൽകി. ഓരോ 50 കിലോ മീറ്ററിലും കംഫർട്ട് സ്റ്റേഷനുകളും ടുറിസം കേന്ദ്രങ്ങളും ഉണ്ടാകും. ബീച്ച് ടുറിസത്തിന് മികച്ച ഉണർവാകും തീരദേശ പാതയിലൂടെ സാധ്യമാകുന്നതെന്നും മന്ത്രി പറഞ്ഞു. സ്ഥലം ഏറ്റെടുക്കലിന് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ദേശീയ പാത വികസനവും നടക്കുകയാണ്. ആറുവരിയിൽ 45 മീറ്റർ വീതിയിൽ കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയ പാത വികസനം 2025ൽ പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു.മുനമ്പം അഴിക്കോട് പാലം ടെൻഡറിന് അനുമതി നൽകിയതായും ദീർഘകാലത്തെ കാത്തിരിപ്പിന് അവസാനമായതായും മന്ത്രി പറഞ്ഞു. തീരദേശ മേഖലയ്ക്ക് പ്രത്യേക പരിഗണനയാണ് സർക്കാർ നൽകുന്നത്. ഇക്ബാൽ റോഡിന്റെ നവീകരണവും നബാർഡ് പദ്ധതിയിലൂടെ വിവിധ റോഡുകൾ നിർമ്മാണവും പള്ളിപ്പുറം, എടവനക്കാട് പ്രദേശങ്ങളുടെ വികസനത്തിന് ഗുണകരമാകുമെന്നും മന്ത്രി പറഞ്ഞു. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുന്ന പള്ളിപ്പുറം, എടവനക്കാട് ഗ്രാമപഞ്ചായത്തുകളിലെ വിവിധ റോഡുകളുടെ നിർമ്മാണ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.ചടങ്ങിൽ കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. എം.ബി ഷൈനി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഇ.കെ ജയൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ട്രീസ ക്ലീറ്റസ്, തങ്കരാജ്, എടവനക്കാട് ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അജാസ് അഷറഫ്, പി.ബി സാബു, ബിസിനി പ്രദീഷ് കുമാർ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അലക്സാണ്ടർ റാൻസൻ, നിഷ അനിൽ, ഷീല ഗോപി, വി.ടി സൂരജ്, കെ.കെ രാജേഷ് കുമാർ, പൊതുമരാമത്ത് നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ പി.ടി ജയ, എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.എം സ്വപ്ന എന്നിവർ പങ്കെടുത്തു.

# കർമ്മചാരി പദ്ധതി സംസ്ഥാനതല ഉദ്ഘാടനം 15ന്

- വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം പാർട്ടൈം ജോലി ലഭ്യമാക്കുക ലക്ഷ്യം
- സ്റ്റാർ ഹോട്ടൽ, സൂപ്പർ മാർക്കറ്റുകൾ, മാളുകൾ, ഫുഡ് ഔട്ട് ലേയേഴ്സ്, ടെക്സ്റ്റയിൽസ്, റിസോർട്ടുകൾ എന്നിവിടങ്ങളിലാണ് ആദ്യഘട്ടമായി പാർട്ട്ടൈം ജോലി നൽകുന്നതിന് ലക്ഷ്യമിടുന്നത്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കർമ്മചാരി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പാടിവട്ടം അസീസിയ കൺവെൻഷൻ സെന്ററിൽ മെയ് 15(തിങ്കൾ) ഉച്ചകഴിഞ്ഞ് 3.30 ന് തൊഴിലും നൈപുണ്യവും, വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം പാർട്ടൈം ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിക്കുന്നത്. സ്വകാര്യമേഖലയുമായി സഹകരിച്ചാണ് കർമ്മചാരി പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. സ്റ്റാർ ഹോട്ടൽ, സൂപ്പർ മാർക്കറ്റുകൾ, മാളുകൾ, ഫുഡ് ഔട്ട് ലേയേഴ്സ്, ടെക്സ്റ്റയിൽസ്, റിസോർട്ടുകൾ എന്നിവിടങ്ങളിലാണ് ആദ്യഘട്ടമായി പാർട്ട്ടൈം ജോലി നൽകുന്നതിന് ലക്ഷ്യമിടുന്നത്. ഐ.ടി അധിഷ്ഠിത ജോലികളും പരിഗണിക്കും. ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി, മേയർ എം.അനിൽകുമാർ എന്നിവർ മുഖ്യാതിഥികളാകും. തൊഴിൽ വകുപ്പ് സെക്രട്ടറി അജിത് കുമാർ, ലേബർ കമ്മീഷണർ ഡോ.കെ.വാസുകി, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) കെ.എം സുനിൽകുമാർ, തൊഴിൽ വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ, വിദ്യാർത്ഥികൾ, തൊഴിലുടമ പ്രതിനിധികൾ, ട്രേഡ് യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും.

## കോട്ടുവള്ളിയിൽ ചെറുധാന്യങ്ങളുടെ വിളവെടുപ്പ് തുടങ്ങി

**കൊച്ചി:** ഈ വർഷം അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് ചെറുധാന്യ കൃഷി വ്യാപന പദ്ധതിയായ മില്ലറ്റ് വേൾഡ് പ്രോഗ്രാമിന്റെ ഭാഗമായി കൃഷിയിറക്കിയ ചെറു ധാന്യങ്ങളുടെ വിളവെടുപ്പ് തുടങ്ങി. കൂനമ്മാവ് ചാവറ വൊക്കേഷണൽ ട്രെയ്നിംഗ് സെന്ററിൽ നടന്ന ചെറു ധാന്യ വിളവെടുപ്പ് പറവൂർ കൃഷി അസിസ്റ്റന്റ് ഡയറക്റ്റർ ശശി മേനോൻ ഉദ്ഘാടനം ചെയ്തു. കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൽ മില്ലറ്റ് വേൾഡ് പ്രോഗ്രാമിന്റെ ഭാഗമായി 15 ഹെക്റ്റർ സ്ഥലത്താണ് ചെറുധാന്യകൃഷിയാരംഭിക്കാനാണ് പദ്ധതി തയാറാക്കിയത്.കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ തരിശു സ്ഥലങ്ങളിലും പൊക്കാളിപ്പാടങ്ങളിലെ ചിറകളിലും ചെറുധാന്യകൃഷി വ്യാപിപ്പിക്കുവാനുള്ള തയാറെടുപ്പിലാണ് കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് കൃഷിഭവനും.അഞ്ച് ഏക്കറോളം സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ ചെറു ധാന്യകൃഷിയാരംഭിച്ചു. ചാമ, റാഗി, ബജ്റ, സൊർഗം, വിരഗ്, പനി വിരഗ്, കുതിരവാലി, ധാന്യവിളയായ കമ്പ്, മുതലായ ഇനങ്ങളാണ് കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന ചെറു ധാന്യങ്ങൾ. കോട്ടുവള്ളി കൃഷി ഓഫീസർ ജെ.സരിതാ മോഹൻ, കൃഷി അസിസ്റ്റന്റ് എസ്.കെ. ഷിനു , ചാവറ വൊക്കേഷണൽ ട്രെയ്നിംഗ് സെന്റർ പ്രിൻസിപ്പൽ സിസ്റ്റർ ജയ മരിയ, വിദ്യാർത്ഥികൾ, അധ്യാപകർ, കർഷകർ തുടങ്ങിയവർ വിളവെടുപ്പിൽ പങ്കെടുത്തു.

## എറണാകുളം ജനറൽ ആശുപത്രിയിൽ നേഴ്സസ് ദിനാഘോഷം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ നഴ്സസ് ദിനം ആഘോഷിച്ചു.'നമ്മുടെ നഴ്സുമാർ നമ്മുടെ ഭാവി' എന്നതാണ് ഈ വർഷത്തെ ആപ്ത വാക്യം. ജനറൽ ആശുപത്രിയുടെയും ഈസ്റ്റേൺ കോിമെന്റ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് നഴ്സസ് ദിനാഘോഷം സംഘടിപ്പിടത്. കാര്യപരിപാടിക്ക് മുൻപായി ഡോ.വന്ദന ദാസിനു അനുശോചനവും ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള അക്രമങ്ങളിൽ പ്രതിഷേധവും രേഖപ്പെടുത്തി. ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ മുൻ ആരോഗ്യവകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഉദ്ഘാടനം നിർവഹിച്ചു.ദേശീയാരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.നിഖിലേഷ് മേനോൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രി സൂപ്ര് ഡോ ഷാഹിർഷ സ്വാഗതം ആശംസിച്ചു. ഈസ്റ്റേൺ കോിമെന്റ്സ് ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസറായ റോയ് കുളമക്കൽ മുഖ്യ പ്രഭാഷണം നടത്തി. നടി ശ്രിയ ശ്രീ മുഖ്യാതിഥിയുമായിരുന്നു .ജനറൽ ആശുപത്രിയിലെ നേഴ്സുമാർക്ക് ഈസ്റ്റേൺ കോിമെന്റ്സ്സിന്റെ ഉപഹാരം നൽകി. ആർ..എം.ഒ ഡോ.ഷാബ് ഷെരിഫ് , ഡോക്ടർമാരുടെ പ്രതിനിധിയായ ഡോ. റോയ്, ലെ സെക്രട്ടറി പ്രതിഭ, സ്റ്റോർ സൂപ്ര് സിൽവി, ഡെപ്യൂട്ടി സൂപ്ര് ഡോ.ആശ കെ ജോൺ എന്നിവർ സംസാരിച്ചു. നഴ്സസ് ആഘോഷത്തിനോടനുബന്ധിച്ചു സിമ്പോസിയവും എക്സിബിഷനും ആശുപത്രി അങ്കണത്തിൽ നടത്തി.

## പെരുമ്പാവൂർ നഗരസഭയിൽ സ്റ്റേഡിയം ഒരുങ്ങുന്നു

**കൊച്ചി:** പെരുമ്പാവൂരിന്റെ കായിക പ്രേമികളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കികൊ് നഗരസഭ കായിക സ്റ്റേഡിയം പദ്ധതിയുടെ പ്രാരംഭ നടപടികൾക്ക് തുടക്കമായി. അത്യാധുനിക നിലവാരത്തിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ര് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.പെരുമ്പാവൂർ ഗവ. ബോയ്സ് സ്കൂൾ ഗ്രൗിലാണ് പുതിയ സ്റ്റേഡിയത്തിന്റെ നിർമ്മാണം.സ്റ്റേഡിയത്തിൽ ഇലവൻസ് ഫുട്ബോൾ ഗ്രൗിനൊപ്പം 400 മീറ്റർ സിന്തറ്റിക് ട്രാക്ക് സൗകര്യവും ഉാകും. കൂടാതെ കാണികൾക്ക് സൗകര്യപ്രദമായ പവലിയൻ, ശുചിമുറി സൗകര്യം, വ്യായാമ കേന്ദ്രം, ഡ്രസ്സിംഗ് ഏരിയ, വിവിധ കായിക ഇനങ്ങളായ ലോങ്ങ് ജമ്പ്, ഹൈജമ്പ്, പോൾ വാൾട്ട്, ഹാർമർ ത്രോ എന്നിവയ്ക്ക് വേി പ്രത്യേക പിച്ചുകൾ, പാർക്കിംഗ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തും.സ്റ്റേഡിയത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംസ്ഥാന സ്പോർട്സ് ഡയറക്ടറേറ്റ് എൻജിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ ജില്ലാ സ്പോർട്സ് കൗൺസിൽ, കേരള അത് ലറ്റിക് അസോസിയേഷൻ, കായിക രംഗത്തെ പ്രഗത്ഭരായ പ്രൊഫ പി.ഐ ബാബു, ടി.പി ഔസപ്പ്, രാജു പോൾ, ജിമ്മി ജോസഫ് എന്നിവരടങ്ങുന്ന വിദഗ്ധ സംഘത്തിന്റെയും സേവനം ലഭ്യമാക്കുമെന്നു അധികാരികൾ പറഞ്ഞു. സ്റ്റേഡിയ നിർമ്മാണത്തിന്റെ പ്രാരംഭ ജോലികൾ എത്രയും വേഗം ആരംഭിക്കാൻ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ.യുടെ നേതൃത്വത്തിൽ ചേർന്ന ആലോചനയോഗത്തിൽ തീരുമാനിച്ചിരുന്നു.

# ഹെൽത്ത് ഫസ്റ്റ് ആരോഗ്യ ബോധവൽക്കരണ പരിപാടി 13 ന്

**കൊച്ചി :** ജനകീയ മാരത്തണുകൾ സംഘടിപ്പിച്ച് പ്രശസ്തരായ സോൾസ് ഓഫ് കൊച്ചിൻ ചിറ്റിലപ്പിള്ളി സ്ക്വയറിന്റെ സഹകരണത്തോടെ ഹെൽത്ത് ഫസ്റ്റ് എന്ന പേരിൽ ആരോഗ്യ പരിപാലനത്തെക്കുറിച്ചും പരിശീലനങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. ഈമാസം 13ന് വൈകിട്ട് 5.30ന് ചിറ്റിലപ്പിള്ളി സ്ക്വയറിൽ സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടി ഒളിമ്പ്യൻ എം ഡി വൽസമ്മ ഉദ്ഘാടനം ചെയ്യും.കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഡോ. കെ എൻ രാഘവൻ തുടങ്ങിയവരും പങ്കെടുക്കും. മെച്ചപ്പെട്ട ആരോഗ്യം സംരക്ഷിക്കുന്നതിന് കൊച്ചുകുട്ടികളെയും മുതിർന്നവരെയും ഒരുപോലെ പ്രേരിപ്പിക്കുകയും ബോധവൽക്കരിക്കുകയുമാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നതെന്ന് സംഘാടകർ അറിയിച്ചു. ബോധവൽക്കരണ സെമിനാറിനൊപ്പം വിവിധങ്ങളായ വ്യായാമങ്ങളും കൂട്ട ഓട്ടം,സുംബ ഡാൻസ്, ഡി.ജെ.തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്. കുടുംബമായി പങ്കെടുക്കാവുന്ന വിവിധ മത്സരങ്ങളും, വിജയികൾക്ക് സമ്മാനവും ഉണ്ടാകുമെന്നും ആദ്യം വരുന്നവർക്ക് ആദ്യം എന്ന രീതിയിൽ സ്പോട്ട് രജിസ്ട്രേഷനാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7558942424 എന്ന നമ്പറിൽ ബന്ധപ്പെടുക

# കനറാബാങ്കിന് 3,175 കോടി അറ്റാദായം

**മുംബൈ:** കനറാബാങ്കിന് മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിൽ 3,175 കോടി രൂപയുടെ അറ്റാദായം. മുൻവർഷത്തെ 1,666 കോടി രൂപയിൽനിന്ന് 90 ശതമാനം അധികമാണിത്. പലിശയിൽനിന്നുള്ള വരുമാനം മുൻവർഷത്തെ 7,006 കോടിയിൽനിന്ന് 23 ശതമാനം ഉയർന്ന് 8,616 കോടി രൂപയിലെത്തി.അറ്റ നിഷ്!ക്രിയ ആസ്തി 2.65 ശതമാനത്തിൽനിന്ന് 1.73 ശതമാനമായും കുറഞ്ഞിട്ടുണ്ട്.2023 സാമ്പത്തികവർഷം ബാങ്കിന്റെ ലാഭം മുൻവർഷത്തെ 5,678.42 കോടി രൂപയിൽനിന്ന് 10,603.76 കോടിയിലെത്തി. ആദ്യമായാണ് ഒരു സാമ്പത്തികവർഷം ബാങ്കിന്റെ ലാഭം പതിനായിരം കോടി കടക്കുന്നത്. ഓഹരിയൊന്നിന് 12 രൂപവീതം ലാഭവീതം നൽകാനും ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്

# പുതിയ ഒരു പരസ്യ പ്രചാരണത്തിന് തുടക്കം കുറിച്ച് നെസ്കഫെ

**കൊച്ചി:** ലോകത്തിലെ ഏറ്റവും പ്രിയപ്പെട്ട കോഫി ബ്രാൻഡുകളിൽ ഒന്നായ നെസ്കഫെ പുതിയ ഒരു പരസ്യ പ്രചാരണത്തിന് തുടക്കം കുറിച്ചു. ഒരു ഗ്ലാസ് രുചികരമായ നെസ്കഫെ കോൾഡ് കോഫി എത്രയെളുപ്പം ഉണ്ടാക്കാമെന്നും അതിലൂടെ 'പ്രത്യേകതയുള്ള ഒരാളായി' എങ്ങനെ മാറാമെന്നും കാട്ടിത്തരുന്നതാണ് ഈ പ്രചാരണം.കുടുംബത്തിനു വേണ്ടി നെസ്കഫെ ക്ലാസിക് കോൾഡ് കോഫി ഉണ്ടാക്കി കൊടുത്തു കൊണ്ട് വീട്ടു ജോലിക്കാരുടെ അഭാവത്തിൽ കഠിനമായ ജോലികളിൽ നിന്നും തന്ത്രപൂർവ്വം ഒഴിവാകുന്ന ഒരു യുവാവിന്റെ കഥയാണ് പുതിയ ടെലിവിഷൻ കൊമേഴ്സ്യൽ വരച്ചു കാട്ടുന്നത്.

# നോക്കിയ സി22 അവതരിപ്പിച്ചു




**കൊച്ചി:** എച്ച്എംഡി ഗ്ലോബൽ മെച്ചപ്പെട്ട ഡ്രോപ്പ് പരിരക്ഷയോടെ, ഈടു നിൽക്കുന്ന, കുറഞ്ഞ നിരക്കിലുള്ള സ്മാർട്ട്ഫോണായ നോക്കിയ സി22 അവതരിപ്പിച്ചു. നൂതന ഇമേജിംഗ് അൽഗോരിതങ്ങൾ, ഒക്ടാകോർ പ്രോസസർ, മികച്ച ആൻഡ്രോയിഡ്ടിഎം 13 (ഗോ എഡിഷൻ) എന്നിവയുടെ പിൻതുണയോടെ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ബാറ്ററി ലൈഫ്, ഡ്യുവൽ 13എംപി പിൻ ക്യാമറ, 8എംപി സെൽഫി ക്യാമറ എന്നിവയോടെയാണ് നോക്കിയ സി22 എത്തുന്നതെന്ന് എച്ച്എംഡി ഗ്ലോബൽ പ്രൊഡക്റ്റ് മാർക്കറ്റിംഗ് മേധാവി ആദം ഫെർഗൂസൺ പറഞ്ഞു.മികച്ച ഉപയോക്തൃ അനുഭവം നൽകുന്ന വിശ്വസനീയവും കുറഞ്ഞ നിരക്കിലുള്ളതുമായ സ്മാർട്ട്ഫോണുകൾ ലഭ്യമാക്കുന്നതോടൊപ്പം മെച്ചപ്പെട്ട ഡ്രോപ്പ് പരിരക്ഷയും നോക്കിയ സി22 നൽകുന്നുവെന്നും ആദം ഫെർഗൂസൺ പറഞ്ഞു.ഐപി52 സ്പ്ലാഷ്, ഡസ്റ്റ് പ്രൊട്ടക്ഷൻ കടുപ്പമേറിയ 2.5ഡി ഡിസ്പ്ലേ ഗ്ലാസ്, ശക്തമായ പോളികാർബണേറ്റ് യൂണിബോഡി ഡിസൈനിൽ മെറ്റൽ ബോഡിയിലാണ് സി22 എത്തുന്നത്. നോക്കിയയുടെ ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരൻറിയും ഉണ്ട്.6.5 ഇഞ്ച് എച്ച്ഡി+ ഡിസ്പ്ലേയാണ് ഫോണിനുള്ളത്. മെമ്മറി എക്സ്റ്റൻഷൻ ഉപയോഗിക്കാത്ത സ്റ്റോറേജ് സ്പേസ് അധിക 2ജിബി വെർചൽ മെമ്മറി (റാം) ആക്കി മാറ്റുന്നു, ഇത് മൾട്ടിടാസ്കിംഗ് ലളിതവും സുഗമവുമാക്കുന്നു. പുതിയ സൈബർ ഭീഷണികളിൽ നിന്ന് സംരക്ഷിക്കുന്നതിനായി നോക്കിയ സി22ന് കുറഞ്ഞത് രണ്ട് വർഷത്തേക്കെങ്കിലും സ്ഥിരമായ സുരക്ഷാ അപ്ഡേറ്റുകൾ ലഭിക്കും.5000 എംഎഎച്ച് ബാറ്ററിയാണ് ഫോണിന് നൽകിയിരിക്കുന്നത്. ചാർക്കോൾ, സാൻഡ്, പർപ്പിൾ നിറങ്ങളിൽ ലഭ്യമായ സി22ൻറെ വില 7999 രൂപയിലാണ് ആരംഭിക്കുന്നത്. 4ജിബി (2ജിബി + 2ജിബി വെർചൽ റാം), 6ജിബി (4ജിബി + 2ജിബി വെർചൽ റാം) എന്നീ വകഭേദങ്ങളിൽ 64ജിബി സ്റ്റോറേജ് കോൺഫിഗറേഷനിലാണ് (256ജിബി അധിക മെമ്മറി സപ്പോർട്ട്) നോക്കിയ സി22 എത്തുന്നത്.399 രൂപയുടെ ജിയോ പ്ലസ് (പോസ്റ്റ്പെയ്ഡ്) പ്ലാനിൽ ഉപയോക്താക്കൾക്ക് 75ജിബി പ്രതിമാസ ഡാറ്റയും 3 ആഡ്ഓൺ സിമ്മുകൾ നൽകുന്ന ആനുകൂല്യങ്ങൾ നോക്കിയ ലഭ്യമാക്കിയിട്ടുണ്ട്. ജിയോ സിം ഹോം ഡെലിവറിക്കായി ഉപഭോക്താക്കൾക്ക് 70000 70000 എന്ന നമ്പറിൽ മിസ്ഡ് കോൾ ചെയ്യാം.1000 രൂപയിൽ ജിയോ പ്ലസ് (പോസ്റ്റ്പെയ്ഡ്) പ്ലാനിൽ നോക്കിയ ഫോൺ ഉപയോക്താക്കൾക്ക് 3,500 രൂപ വരെ വിലയുള്ള പ്രത്യേക ആനുകൂല്യങ്ങൾ 100 ജിബി അധിക ഡാറ്റയും (10മാസത്തേക്ക് 10ജിബി അധിക പ്രതിമാസ ഡാറ്റ) ലഭിക്കും.700 രൂപയുടെ 3 മാസത്തെ ഈസിഡൈനർ സബ്സ്ക്രിപ്ഷൻ, ഇക്സിഗോയിൽ 4500 രൂപയിൽ മുകളിലുള്ള ഫ്ളൈറ്റുകളിൽ 750 രൂപ കിഴിവ്, 1100 രൂപ വില വരുന്ന 3 മാസത്തെ ഇടി പ്രൈം സബ്സ്ക്രിപ്ഷന് 49 രൂപ മാത്രം എന്നിങ്ങനെ 2500 രൂപ വരെ വിലയുള്ള അധിക കൂപ്പണുകൾ ലഭിക്കും.

# സൗത്ത് ഇന്ത്യൻ ബാങ്കിന് 775.09 കോടി രൂപ അറ്റാദായം

**തൃശൂർ:** മാർച്ച് 31ന് അവസാനിച്ച 2022-2023 സാമ്പത്തിക വർഷത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്ഐബി) എക്കാലത്തേയും ഉയർന്ന ലാഭം നേടി ചരിത്രം സൃഷ്ടിച്ചതായി എസ്ഐബി എംഡിയും സിഇഒയുമായ മുരളി രാമകൃഷ്ണൻ പറഞ്ഞു. 775.09 കോടി രൂപയാണ് അറ്റാദായം. മുൻവർഷത്തെ അപേക്ഷിച്ച് 1623.11 ശതമാനത്തിന്റെ റെക്കോർഡ് വർധനയാണ് രേഖപ്പെടുത്തിയത്. ലാഭത്തിനു പുറമെ ബിസിനസ്, പലിശ വരുമാനം, മൂലധന ശേഷി, ആസ്തി വരുമാനം തുടങ്ങി എല്ലാ വിഭാഗങ്ങളിലും ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വളർച്ചയാണ് ഈ കാലയളവിൽ കൈവരിച്ചത്. ഓഹരി ഉടമകളുടെ അനുമതിക്ക് വിധേയമായി 30 ശതമാനം ലാഭവിഹിതം വിതരണം ചെയ്യാൻ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തു.മൊത്തം ബിസിനസ് എക്കാലത്തേയും ഉയർന്ന നേട്ടമായ 1,63,743.42 കോടി രൂപയിലെത്തി. അറ്റ പലിശ വരുമാനമായ 3,012.08 കോടി രൂപയും, 17.25 ശതമാനം മൂലധന പര്യാപ്തതാ അനുപാതവും, 76.78 ശതമാനം നീക്കിയിരുപ്പ് അനുപാതവും (എഴുതിത്തള്ളൽ ഉൾപ്പെടെ) ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടങ്ങളാണ്. 3.30 ശതമാനം അറ്റ പലിശ മാർജിൻ 17 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. 0.72 ശതമാനം ആസ്തി വരുമാന അനുപാതവും 11.61 ശതമാനം ഓഹരി വരുമാന അനുപാതവും കഴിഞ്ഞ ഒമ്പത് വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്.പ്രവർത്തന വരുമാനത്തിൽ 20.82 ശതമാനമാണ് വാർഷിക വർധന. ഇത് മുൻവർഷത്തെ 1,248.57 കോടി രൂപയിൽ നിന്ന് 1,507.33 കോടി രൂപയിലെത്തി. നിഷ്ക്രിയ ആസ്തി അക്കൗണ്ടുകളിലെ റിക്കവറി 1464 കോടി രൂപയിൽ നിന്ന് 1814 കോടി രൂപയായി വർധിച്ചു. മൊത്ത നിഷ്ക്രിയ ആസ്തി 76 പോയിന്റുകൾ കുറഞ്ഞ് 5.90 ശതമാനത്തിൽ നിന്ന് 5.14 ശതമാനമായും, അറ്റ നിഷ്ക്രിയ ആസ്തി 111 പോയിന്റുകൾ കുറഞ്ഞ് 2.97 ശതമാനത്തിൽ നിന്ന് 1.86 ശതമാനമായും നിലവാരം മെച്ചപ്പെടുത്തി.കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിങ്സ് അക്കൗണ്ട്) രണ്ട് ശതമാനം വാർഷിക വളർച്ച നേടി. റീട്ടെയ്ൽ നിക്ഷേപങ്ങൾ അഞ്ച് ശതമാനവും എൻആർഐ നിക്ഷേപങ്ങൾ മൂന്ന് ശതമാനവും വർധിച്ചു.മൊത്തം വായ്പകൾ 17 ശതമാനം വാർഷിക വളർച്ച കൈവരിച്ചു. കോർപറേറ്റ് വായ്പകളിൽ 39 ശതമാനമാണ് വാർഷിക വർധന. ഇവയിൽ എ റേറ്റിങും അതിനു മുകളിലുമുള്ള അക്കൗണ്ടുകളുടെ വിഹിതം 89 ശതമാനത്തിൽ നിന്നും 95 ശതമാനമായി വർധിച്ചു. വ്യക്തിഗത വായ്പകൾ 116 ശതമാനവും സ്വർണ വായ്പകൾ 28.26 ശതമാനവും വർധിച്ചു. 2.05 ലക്ഷത്തിലേറെ ക്രെഡിറ്റ് കാർഡുകൾ ഇഷ്യൂ ചെയ്തതിലൂടെ 796 കോടി രൂപയുടെ വായ്പയും വിതരണം ചെയ്തു.2022-23 സാമ്പത്തിക വർഷം നാലാം പാദത്തിലും ബാങ്കിന്റെ അറ്റാദായം വർധിച്ചു. മുൻ വർഷം നാലാം പാദത്തിലെ 272.04 കോടി രൂപയിൽ നിന്ന് 22.74 ശതമാനം വർധനയോടെ 333.89 കോടി രൂപയിലെത്തി. നാലാം പാദ പ്രവർത്തന വരുമാനം 95.02 ശതമാനം വർധിച്ച് 561.55 കോടി രൂപയായി. മുൻ വർഷം ഇത് 287 കോടി രൂപയായിരുന്നു.ഓഹരി വരുമാന അനുപാതം പാദവാർഷികാടിസ്ഥാനത്തിൽ 1387 പോയിന്റുകൾ വർധിച്ച് 6.42 ശതമാനത്തിൽ നിന്നും 20.29 ശതമാനമായി. ആസ്തി വരുമാന അനുപാതം 87 പോയിന്റുകൾ വർധിച്ച് 0.39 ശതമാനത്തിൽ നിന്നും 1.26 ശതമാനത്തിലുമെത്തി. അറ്റ പലിശ മാർജിൻ 15 പോയിന്റുകൾ വർധിച്ച് 3.52 ശമതാനത്തിൽ നിന്ന് 3.67 ശതമാനത്തിലെത്തി. അറ്റ പലിശ വരുമാനം 3.88 ശതമാനം വർധനയോടെ 825.15 കോടി രൂപയിൽ നിന്നും 857.18 കോടി രൂപയിലെത്തി.ആസ്തി ഗുണമേന്മയിലും കളക്ഷൻ കാര്യക്ഷമമാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചതിലൂടെ നീക്കിയിരുപ്പുകൾ 41 കോടി രൂപയിൽ നിന്നും 39 കോടി രൂപയാക്കി പാദവാർഷികാടിസ്ഥാനത്തിൽ കുറയ്ക്കാനും സാധിച്ചെന്നും മുരളി രാമകൃഷ്ണൻ പറഞ്ഞു. ഗുണമേന്മയുള്ള വായ്പാ വളർച്ചയിലൂടെ ലാഭസാധ്യത വർധിപ്പിക്കുക എന്ന പ്രഖ്യാപിത നയത്തിന് അനുസൃതമായി 2020 ഒക്ടോബർ മുതൽ ബാങ്കിന് അതിന്റെ വായ്പാ പോർട്ട്ഫോളിയോയുടെ 58 ശതമാനം, അതായത് 41,566 കോടി രൂപ പുനർക്രമീകരിക്കാൻ കഴിഞ്ഞതായും ഇപ്രകാരം പുനർക്രമീകരിച്ച വായ്പാ പോർട്ട്ഫോളിയോയിൽ വെറും 0.09 ശതമാനം മാത്രമാണ് മൊത്ത നിഷ്ക്രിയ ആസ്തിയെന്നും അദ്ദേഹം അറിയിച്ചു.

# ഇസാഫ് ബാങ്കിന് 302 കോടി രൂപ അറ്റാദായം

**കൊച്ചി:** കൊച്ചി: ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന് റെക്കോർഡ് ലാഭം. 2023 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 302.33 കോടി രൂപയാണ് ബാങ്കിന്റെ അറ്റാദായമെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു.മുൻ വർഷത്തെ 54.73 കോടി രൂപയിൽ നിന്ന് 452 ശതമാനമാനമാണ് വർധന രേഖപ്പെടുത്തിയത്. അവസാന പാദത്തിൽ 101.38 കോടി രൂപയാണ് അറ്റാദായം. മൂന്നാം പാദത്തിൽ ഇതേകാലയളവിൽ 37.41 കോടി രൂപയായിരുന്നു ഇത്.വായ്പകൾ ഉൾപ്പെടെയുള്ള ബാങ്കിന്റെ മൊത്തം ബിസിനസ് 23.22 ശതമാനം വളർച്ച രേഖപ്പെടുത്തി 30,996.89 കോടി രൂപയിലെത്തി. മുൻ വർഷം 25,155.76 കോടി രൂപയായിരുന്നു ഇത്. പ്രവർത്തന വരുമാനം 81.70 ശതമാനം വർധിച്ച് 491.85 കോടി രൂപയിൽ നിന്നും 893.71 കോടി രൂപയിലുമെത്തി. 1,836.34 കോടി രൂപയാണ് വാർഷിക അറ്റ പലിശ വരുമാനം. മുൻ വർഷത്തെ 1,147.14 കോടി രൂപയിൽ നിന്നും 60.08 ശതമാനമാണ് വർധന.സുസ്ഥിരതയോടുള്ള പ്രതിബദ്ധതയിൽ ഉറച്ചുനിൽക്കുമ്പോൾ തന്നെ ലാഭം കുതിച്ചുയർന്നത് മുന്നിലുള്ള അവസരങ്ങളുടെ തെളിവാണെന്നും കെ പോൾ തോമസ് പറഞ്ഞു. ഈ ഫലം തങ്ങളുടെ വായ്പാ ഉപഭോക്താക്കളുടെ തിരിച്ചടവു ശേഷിയെ പ്രതിഫലിപ്പിക്കുന്നുണ്ട്. നിരവധി പേരുടെ ജീവിതത്തിൽ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതത്തിൽ അർത്ഥവത്തായ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഇന്ത്യയിലുടനീളം പ്രവർത്തനം വിപുലീകരിക്കുന്നതോടൊപ്പം എല്ലാവരേയും സമൃദ്ധിയിലേക്കു നയിക്കുന്ന ഒരു കൂട്ടായ വളർച്ച ഉറപ്പു വരുത്താനുള്ള ശ്രമങ്ങൾ തങ്ങൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.നിക്ഷേപങ്ങൾ 14.44 ശതമാനം വാർഷിക വളർച്ച കൈവരിച്ച് 12,815.07 കോടി രൂപയിൽ നിന്ന് 14,665.63 കോടി രൂപയിലെത്തി. കാസ അനുപാതം 7.18 ശതമാനമായി മെച്ചപ്പെട്ടു. മുൻ വർഷത്തെ 2,927.40 കോടി രൂപയിൽ നിന്ന് ഇത് 3,137.45 കോടി രൂപയിലെത്തി. വായ്പാ വിതരണത്തിൽ 16.38 ശതമാനമാണ് വളർച്ച. മൊത്തം വായ്പകൾ മുൻ വർഷത്തെ 12,130.64 കോടി രൂപയിൽ നിന്നും 14,118.13 കോടി രൂപയായി വർധിച്ചു.മൊത്ത നിഷ്ക്രിയ ആസ്തി 7.83 ശതമാനത്തിൽ നിന്ന് 2.49 ശമതാനമായും അറ്റ നിഷ്ക്രിയ ആസ്തി 3.92 ശതമാനത്തിൽ നിന്ന് 1.13 ശതമാനമായും ആസ്തി ഗുണനിലവാരം നല്ല രീതിയിൽ മെച്ചപ്പെടുത്തി. 19.83 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. പ്രതി ഓഹരി വരുമാനം 1.22 രൂപയിൽ നിന്ന് 6.73 രൂപയായും വർധിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

# സി–ഹെഡിനു സർക്കാർ ധനസഹായം

**കൊച്ചി** നഗരസഭയുടെ കീഴിലുള്ള സെൻറർ ഫോർ ഹെറിറ്റേജ്, എൻവയോൺമൻറ് ആൻറ് ഡെവലപ്മൻറ് (സിഹെഡ്) സൊസൈറ്റിയുടെ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ ബജറ്റിൽ നീക്കിവെച്ച തുകയിൽ നിന്നും ആദ്യ ഗഡുവായി പതിനാലര ലക്ഷം രൂപ അനുവദിച്ചതായി കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ അറിയിച്ചു. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിലാണ് സിഹെഡിന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ഇരുപത്തിയഞ്ച് ലക്ഷം രൂപ നീക്കിവെച്ചത്. ഇതിൽ നിന്നും ആദ്യ ഗഡുവായി പതിനാലര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2002ൽ സിഹെഡ് രൂപീകരിച്ചതിനു ശേഷം ആദ്യമായാണ് സംസ്ഥാന സർക്കാർ, ബജറ്റിൽ ഉൾപ്പെടുത്തി സിഹെഡിൻറെ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത്. ഇത് സിഹെഡിൻറെ സ്ഥാപന ശാക്തീകരണത്തിനും പദ്ധതിയുടെ നടത്തിപ്പിനും ഏറെ മുതൽക്കൂട്ടാവും.പരിസ്ഥിതിപൈതൃകസുസ്ഥിരവികസന മേഖലകളിൽ കൊച്ചി നഗരത്തിന് വേണ്ടി പ്രവർത്തിക്കുന്നതും അന്താരാഷ്ട്ര ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സ്ഥാപനമായ സിഹെഡിനെ ശാക്തീകരിച്ച് നഗര പരിസ്ഥിതി, സുസ്ഥിര വികസനം, പൈതൃക സംരക്ഷണം തുടങ്ങിയ രംഗത്തെ ആധികാരിക പഠനഗവേഷണ മാതൃകാ സ്ഥാപനമായി ഉയർത്തുക എന്നത് നിലവിലുള്ള കൗൺസിലിൻറെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിനായി സംസ്ഥാന സർക്കാറിന്റെ പിന്തുണ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ബജറ്റിൽ തുക അനുവദിച്ചത്. 2023-2024 സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാർ ബജറ്റിലും സിഹെഡിന്റെ പ്രവർത്തനത്തിനായി തുക നീക്കി വെച്ചിട്ടുണ്ട്.

# സൈബർപാർക്ക് പ്രീമിയർ ലീഗ് 2023; അക്സൽ ടെക്നോളജീസ് ചാംപ്യൻമാർ



**കോഴിക്കോട:** സൈബർപാർക്ക് പ്രീമിയർ ലീഗിൽ അക്സൽ ടെക്നോളജീസ് ചാംപ്യൻമാരായി. സർക്കാർ സൈബർപാർക്കിലെ ഫുട്ബോൾ ഗ്രൗണ്ടിൽ നടന്ന ടൂർണമെന്റിൽ സൈബർപാർക്കിലെ വിവിധ കമ്പനികളാണ് ഏറ്റുമുട്ടിയത്. ഫൈനൽ മത്സരത്തിൽ എഡംബസും അക്സൽ ടെക്നോളജീസുമാണ് ഏറ്റുമുട്ടിയത്. ഒരു ഗോളിന് അക്സൽ ടെക്നോളജീസ് എഡംബസിനെ പരാജയപ്പെടുത്തി. വെൽകെൻവിറ്റ്സ് മൂന്നാം സ്ഥാനവും സിയേനോ നാലാം സ്ഥാനവും നേടി. ആറു ദിവസങ്ങളിലായി നടന്ന ടൂർണമെന്റിൽ 24 ടീമുകൾ 45 മത്സരങ്ങളിൽ പങ്കെടുത്തു.അക്സൽ ടെക്നോളജീസിലെ ഹിഷാം ആണ് ബെസ്റ്റ് പ്ലയർ. അക്സൽ ടെക്നോളജീസിലെ റിസ്വാനാണ് ബെസ്റ്റ് ഗോൾകീപ്പർ, ബെസ്റ്റ് ഡിഫൻഡറായി എഡംബസിലെ റാഷിയെയും ടോപ് സ്കോളറായി എഡംബസിലെ വിശാഖിനെയും തെരഞ്ഞെടുത്തു.

# 'നീരജ' ;വീഡിയോ ഗാനം റിലീസ് ചെയ്തു




**കൊച്ചി:** ഗുരു സോമസുന്ദരം, ജിനു ജോസഫ്, ഗോവിന്ദ് പത്മസൂര്യ, ശ്രുതി രാമചന്ദ്രൻ, ശ്രിന്ദ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാജേഷ് കെ രാമൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'നീരജ' എന്ന ചിത്രത്തിന്റെ ലിറിക്കൽ വീഡിയോ ഗാനം,ചലച്ചിത്ര താരങ്ങളായ മിയ ജോർജ്ജ്,അന്ന് ബെൻ, ദിവ്യ പിള്ള,ദിവ്യ പ്രഭ,ചിന്നു ചാന്ദ്നി, നിരഞ്ജന അനൂപ്, ശ്രുതി ജയൻ,ദർശന സുദർശൻ, അപർണ്ണ ദാസ് തുടങ്ങിയവരുടെ ഫെയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.രാമയത്ത് രാമൻ എഴുതിയ വരികൾക്ക് സച്ചിൻ ശങ്കർ മന്നത്ത് സംഗീതം പകർന്ന് എൻ ജെ നന്ദിനി ആലപിച്ച 'ആളും നീയേ,തീയും നീയേ ....' എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.മെയ് പത്തൊമ്പതിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ 'ഹൃദയം' ഫെയിം കലേഷ് രാമാനന്ദ്, രഘുനാഥ് പലേരി, അഭിജ ശിവകല, കോട്ടയം രമേഷ്,സന്തോഷ് കീഴാറ്റൂർ, ശ്രുതി രജനീകാന്ത്,സ്മിനു സിജോ, സജിൻ ചെറുകയിൽ തുടങ്ങിയവരും അഭിനയിക്കുന്നു.സൂരജ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ശ്രീമതി ഉമ, രമേഷ് റെഡ്ഡി എന്നിവർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രാഗേഷ് നാരായണൻ നിർവ്വഹിക്കുന്നു.കന്നട സിനിമയിലെ പ്രശസ്ത നിർമ്മാതാവായ രമേഷ് റെഡ്ഡിയുടെ ഏഴാമത്തേതും മലയാളത്തിലെ ആദ്യ ചിത്രവുമാണിത്.എഡിറ്റർ അയൂബ് ഖാൻ, സംഗീതം സച്ചിൻ ശങ്കർ മന്നത്ത്, കല മനു ജഗത്, മേക്കപ്പ് പ്രദീപ് ഗോപാലകൃഷ്ണൻ, കോസ്റ്റ്യൂം ബ്യൂസി ബേബി ജോൺ, സ്റ്റിൽസ് രാകേഷ് നായർ, പ്രൊഡക്ഷൻ കൺട്രോളർ സജീവ് ചന്തിരൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ അഭി ആനന്ദ്, അസോസിയേറ്റ് ഡയറക്ടർ നിധീഷ് ഇരിട്ടി, രാഹുൽ കൃഷ്ണ, ക്യാമറ അസോസിയേറ്റ് മണികണ്ഠൻ പി.സി, അസിസ്റ്റന്റ് ഡയറക്ടർ യദോകൃഷ്ണ, ദേയകുമാർ, കാവ്യ തമ്പി. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സജി പുതുപ്പള്ളി, പി ആർ ഒ എ എസ് ദിനേശ്.

# 'ഇഷ്ടരാഗം 'രണ്ടാമത്തെ പോസ്റ്റർ റിലീസ് ചെയ്തു

**കൊച്ചി:** ആകാശ് പ്രകാശ്, പുതുമുഖം ആദിത്യ,കൈലാഷ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയൻ പൊതുവാൾ കഥയെഴുതി സംവിധാനം ചെയ്യുന്ന'ഇഷ്ടരാഗം' എന്ന മ്യൂസിക്കൽ റൊമാന്റിക് ത്രില്ലർ ചിത്രത്തിന്റെ സെക്കന്റ് ലുക്ക് പോസ്റ്റർ റിലീസായി.ശ്രീകുമാർ മറിമായം, ഉണ്ണിരാജ്, വിവേക് വിശ്വം, ശ്രീജിത്ത് കൈവേലി, അമ്പിളി, സുമിത്ര രാജൻ, വേണു അമ്പലപ്പുഴ, അർജ്ജുൻ,ജലജ റാണി,രഘുനാഥ് മടിയൻ, ജീഷിൻ തുടങ്ങിയവരാണ് മറ്റു താരങ്ങൾ.ആകാശ് പ്രകാശ് മ്യൂസിക്ക് ആന്റ് എന്റർടൈൻമെന്റ്സ്,എസ് ആർ ഫിലിംസ് എന്നിവയുടെ ബാനറിൽ പ്രകാശ് നായർ, സുരേഷ് രാമന്തളി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജി കെ രവികുമാർ നിർവ്വഹിക്കുന്നു.തിരക്കഥ സംഭാഷണം ചന്ദ്രൻ രാമന്തളി എഴുതുന്നു. സുരേഷ് രാമന്തളിയുടെ വരികൾക്ക് വിനീഷ് പണിക്കർ സംഗീതം പകരുന്നു.വിജയ് യേശുദാസ്,വടുകിയമ്മ, അനിത വിനോദ്, ഹരിത ഹരീഷ്,ശിവപ്രിയ എന്നിവരാണ് ഗായകർഎഡിറ്റർ വിപിൻരവി,പ്രൊഡക്ഷൻ കൺട്രോളർഷാജി ഒലവക്കോട്കലബാലകൃഷ്ണൻ കൈതപ്രം, കോസ്റ്റ്യൂംസ്സുകേഷ് താനൂർ, മേക്കപ്പ് സുധാകരൻ ചേർത്തല കൊറിയോഗ്രഫിക്ലിന്റ്, ചീഫ് അസോസിയേറ്റ് ഡയറക്ടർറിജു നായർ,അസിസ്റ്റന്റ് ഡയറക്ടർ ദീപക് ശങ്കർ, ഷാൻ,ബിജിഎംപ്രണവ് പ്രദീപ്, കളറിസ്റ്റ് അലക്സ് വർഗീസ്,സ്റ്റിൽസ്വിദ്യാധരൻ,ഡിസൈൻ ദിനേശ് മദനൻ,സ്റ്റിൽസ്വിദ്യാധരൻ,ഇരിട്ടി,കാഞ്ഞിരക്കൊല്ലി, വയനാട്,ഗുണ്ടപ്പെട്ട് എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ 'ഇഷ്ടരാഗം 'ഉടൻ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.



# ഐപിഎൽ : 1300 കോടിയിലധികം വീഡിയോ വ്യൂവർഷിപുമായി ജിയോസിനിമ

**കൊച്ചി / മുംബൈ:** ടാറ്റ ഐപിഎൽ 2023 ന്റെ ഔദ്യോഗിക ഡിജിറ്റൽ സ്ട്രീമിംഗ് പങ്കാളിയായ ജിയോസിനിമ, ആദ്യ അഞ്ച് ആഴ്ചകളിൽ 1300 കോടിയിലധികം വീഡിയോ വ്യൂവർഷിപ്പോടെ പുതിയ റെക്കോർഡ് സൃഷ്ടിച്ചു. ഓരോ കാഴ്ചക്കാരനും ഓരോ മത്സരത്തിലും ചെലവഴിക്കുന്ന ശരാശരി സമയം 60 മിനിറ്റിൽ എത്തി. ഇന്റർനെറ്റ് കണക്റ്റഡ് ടിവിയിലെ കാഴ്ചക്കാരുടെ എണ്ണം എച്ച്ഡി ടിവിയിലേതിനെക്കാൾ ഇരട്ടിയായി.ഓരോ മത്സരത്തിനുമൊപ്പമുള്ള ജിയോ സിനിമയുടെ വളർച്ച കാണിക്കുന്നത് കാഴ്ച്ചക്കാർ ഓൺലൈൻ വ്യൂവർഷിപ്പിനു നൽകുന്ന മുൻഗണനയും പ്ലാറ്റഫോമിന്റെ കരുത്തുമാണെന്നും വയാകോം 18 സ്പോർട്സ് സിഇഒ അനിൽ ജയരാജ് പറഞ്ഞു.അഞ്ച് ദിവസത്തിനുള്ളിൽ ജിയോസിനിമ രണ്ട് തവണ ടാറ്റ ഐപിഎല്ലിന്റെ ഏറ്റവും ഉയർന്ന റെക്കോർഡുകൾ തകർത്തു. ഏപ്രിൽ 12 ന് ചെന്നൈ സൂപ്പർ കിംഗ്സും രാജസ്ഥാൻ റോയൽസും തമ്മിലുള്ള മത്സരത്തിനിടെ 2.23 കോടി വ്യൂവർഷിപ് നേടി, അഞ്ചാം ദിവസം ബാംഗ്ലൂർ ചെന്നൈ മത്സരത്തിനിടെ, 2.4 കോടിയിലെത്തി ജിയോസിനിമ വീണ്ടും റെക്കോർഡിട്ടു. ആരാധകർക്ക് കൂടുതൽ മെച്ചപ്പെട്ട കാഴ്ച്ചനുഭവം നൽകുന്നതിനായി 360ഡിഗ്രി വ്യൂവിംഗ് ഫീച്ചർ പുറത്തിറക്കി, ഭോജ്പുരി, പഞ്ചാബി, മറാഠി, ഗുജറാത്തി എന്നിവയുൾപ്പെടെയുള്ള തനതായ ഭാഷാ ഫീഡുകളും മൾട്ടി ക്യാം, 4കെ, ഹൈപ്പ് മോഡ് പോലുള്ള ഡിജിറ്റൽ ഫീച്ചറുകളും പ്രേക്ഷകർ ആസ്വദിച്ചു, കൂടാതെ മത്സരത്തിന്റെ ഹൈലൈറ്റുകൾ, വിരാട് കോലി, ഹാർദിക് പാണ്ഡ്യ, ഫാഫ് ഡു പ്ലെസിസ്, റാഷിദ് ഖാൻ, ഡേവിഡ് മില്ലർ തുടങ്ങിയ മുൻനിര കളിക്കാര്യമായുള്ള അഭിമുഖങ്ങൾ ഉൾപ്പെടെയുള്ള ആവേശകരമായ ആക്ഷൻ പാക്ക്ഡ്, എക്സ്ക്ലൂസീവ് ഉള്ളടക്കം പ്രേക്ഷകർ ആസ്വദിച്ചു. ജിയോസിനിമയിൽ പ്രദർശിപ്പിക്കുന്ന പരസ്യദാതാക്കളുടെ എണ്ണവും ഒരു പുതിയ റെക്കോർഡാണ്, ഇതിൽ നിന്നുള്ള വരുമാനവും കഴിഞ്ഞ വർഷത്തേക്കാൾ വളരെ കൂടുതലാണ്. ജിയോസിനിമക്ക് ടാറ്റ ഐ പി എൽ 2023ന്റെ ഡിജിറ്റൽ സ്ട്രീമിംഗിനായി പങ്കാളിത്തമുള്ള 26 മുൻനിര ബ്രാൻഡുകളുണ്ട്, കോപ്രെസെന്റിങ് സ്പോൺസറായ ഡ്രീം 11, കോ പവേർഡ് സ്പോൺസർമാരായ ജിയോ മാർട്ട് , ഫോൺ പേ, ടിയാഗോ ഇ വി, ജിയോ, ഇ റ്റി മണി , പ്യൂമ, ആമസോൺ, സൗദി ടൂറിസം, സ്പോട്ടിഫൈ തുടങ്ങിയവ അതിൽ ഉൾപ്പെടുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.



# സംഗീത കോളേജിൽ താൽക്കാലിക നിയമനം

**കൊച്ചി:** ശ്രീ സ്വാതിതിരുനാൾ സംഗീത കോളജിലെ വിവിധ പഠന വകുപ്പുകളിലെ ഒഴിവുകളിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തും. വയലിൻ, സംസ്കൃതം വിഭാഗങ്ങളിൽ അതിഥി അധ്യാപക നിയമനത്തിന് അപേക്ഷിക്കുന്നവർ നിശ്ചിത യോഗ്യതക്കൊപ്പം കോളജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം ഡെപ്യൂട്ടി ഡയറക്ടറുടെ ഗസ്റ്റ് ലക്ചർ പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം. സംസ്കൃതം വിഭാഗത്തിലെ അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ മേയ് 23 രാവിലെ 10 മണിക്കും, വയലിൻ വിഭാഗത്തിലെ അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ മേയ് 25 രാവിലെ 10 മണിക്കും ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ നടക്കും. ഡാൻസ് വിഭാഗത്തിൽ ഒഴിവുള്ള സപ്പോർട്ടിങ് ആർട്ടിസ്റ്റ് ഇൻ വോക്കൽ ഫോർ ഡാൻസ് (കേരള നടനം), സപ്പോർട്ടിങ് ആർട്ടിസ്റ്റ് ഇൻ മൃദംഗം ഫോർ ഡാൻസ് (കേരള നടനം) എന്നീ തസ്തികകളിലേക്ക് താത്കാലിക ജീവനക്കാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കും. നിശ്ചിത യോഗ്യതയുള്ളതും താത്പര്യമുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് സപ്പോർട്ടിങ് ആർട്ടിസ്റ്റ് ഇൻ വോക്കൽ ഫോർ ഡാൻസ് (കേരള നടനം) തസ്തികയിലേക്ക് മേയ് 30 രാവിലെ 9.30 ന് കോളേജിൽ വച്ച് നടക്കുന്ന അഭിമുഖത്തിലും സപ്പോർട്ടിങ് ആർട്ടിസ്റ്റ് ഇൻ മൃദംഗം ഫോർ ഡാൻസ് (കേരള നടനം) തസ്തികയിലേക്ക് മേയ് 30 ഉച്ചക്ക് 1 മണിക്ക് കേളേജിൽ വച്ച് നടക്കുന്ന അഭിമുഖത്തിലും നേരിട്ട് പങ്കെടുക്കേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യതകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസലും പകർപ്പുകളും അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്.

# ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പ്: ഹോണ്ട റേസിങ് ടീം മലേഷ്യയിൽ




**കൊച്ചി:** 2023 ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പ് (എആർആർസി) രണ്ടാം റൗണ്ടിനായി ഹോണ്ട റേസിങ് ഇന്ത്യ ടീം മലേഷ്യയിൽ എത്തി. മലേഷ്യയിലെ സെപാങ് ഇന്റർനാഷണൽ സർക്യൂട്ടിലാണ് ആദ്യറൗണ്ട് സമാപിച്ച് ഏഴ് ആഴ്ച്ചകൾക്ക് ശേഷം അടുത്ത റൗണ്ടിന് വേദിയൊരുങ്ങുന്നത്. തായ്ലാൻഡിലെ ആദ്യ റൗണ്ടിൽ മികച്ച പ്രകടനം നടത്തിയ ഹോണ്ട ടീമിൻറെ കാവിൻ ക്വിന്റൽ, മലയാളി താരം മുഹ്സിൻ പി എന്നിവർ കൂടുതൽ പോയിൻറുകളാണ് രണ്ടാം റൗണ്ടിൽ ലക്ഷ്യമിടുന്നത്.ഏഷ്യയിലെ ഏറ്റവും പ്രയാസമേറിയ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിൻറെ ഏഷ്യാ പ്രൊഡക്ഷൻ 250സിസി (എപി250സിസി) വിഭാഗത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ഏക ടീമാണിത്. ആദ്യറൗണ്ടിൽ ടീം 9 പോയിൻറുകൾ നേടിയിരുന്നു. ആദ്യറൗണ്ടിൽ ആകെ 6 പോയിൻറുകൾ നേടി ചെന്നൈ സ്വദേശിയായ കാവിൻ മികച്ച പ്രകടനം നടത്തിയിരുന്നു. നിലവിൽ 13ാം സ്ഥാനത്താണ് താരം. പുതുമുഖ റൈഡർ മൊഹ്സിൻ ആണ് കാവിന് ശക്തമായ പിന്തുണ നൽകുന്നത്. എആർആർസിയിലെ തൻറെ അരങ്ങേറ്റ സീസണിൽ 3 പോയിൻറുമായി 17ാം സ്ഥാനത്താണ് മലപ്പുറം സ്വദേശിയായ യുവതാരം ഫിനിഷ് ചെയ്തത്.ആദ്യ റൗണ്ടിൽ തങ്ങളുടെ രണ്ട് യുവ താരങ്ങളും ടീമിനായി പോയിൻറുകൾ നേടി. രണ്ടാം റൗണ്ടിൽ പങ്കെടുക്കാനായി ടീം ഉത്സാഹത്തിലാണ്. ആദ്യമായി മത്സരിക്കുന്നതിനാൽ സെപാങ് സർക്യൂട്ട് മൊഹ്സിന് വെല്ലുവിളി നൽകിയേക്കാം, എന്നാൽ കാവിന് ക്വിൻറലിന് ഇതിനകം തന്നെ ട്രാക്ക് പരിചിതമാണ്. ഈ അനുഭവം കൂടുതൽ പോയിൻറുകൾ നേടാൻ സഹായിക്കും. തങ്ങളുടെ റൈഡർമാർ കഠിനമായി പരിശീലിച്ചു. മികച്ച ഫലമാണ് പ്രതീക്ഷിക്കുന്നതെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ പ്രീമിയം മോട്ടോർസൈക്കിൾ ബിസിനസ് ഓപ്പറേറ്റിങ് ഓഫീസർ പി. രാജഗോപി പറഞ്ഞു.

